# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## പവിത്രേശ്വരം ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2020-2021

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കൊല്ലം.-691001

ഇ-മെയിൽ: doklm.ksad@kerala.gov.in

ഫോൺ : 0474-2740141

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: KSA KLM P11/1723/21

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
കൊല്ലം.-691001
തീയ്യതി: 05/07/2022
ഇ-മെയിൽ: doklm.ksad@kerala.gov.in
ഫോൺ: 0474-2740141

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
പവിത്രേശ്വരം ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : പവിത്രേശ്വരം ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം പവിത്രേശ്വരം ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1,2,3 എന്നിവയിലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കൊല്ലം.
3) കാര്യാലയ പകർപ്പ്.

നമ്പർ: KSA KLM P11/1723/21 തീയ്യതി: 05/07/2022

## കൊല്ലം ജില്ലയിലെ പവിത്രേശ്വരം ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കൊല്ലം ജില്ലയിലെ പവിത്രേശ്വരം ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 01-02-2020 മുതൽ 30-09-2021 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 5 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 5 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീമതി. അമ്പിളി. എം.ഡി | ഡെപ്യൂട്ടി ഡയറക്ടർ (ഹ.ഗ്രേ) | 08-11-2021 | 23-11-2021 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 08-11-2021 | 23-11-2021 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീമതി.പ്രീത.എസ്.എസ്, ഓഡിറ്റ് ഓഫീസർ(ഹ.ഗ്രേ)
ശ്രീമതി.പത്മകുമാരി.എൽ, (അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ)
ശ്രീ.അരുൺജിത്ത്.ജി, (സീനിയർ ഗ്രേഡ് ഓഡിറ്റർ)
ശ്രീമതി.ഹർഷ.എൽ, (ഓഡിറ്റർ)

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീമതി. ധന്യ കൃഷ്ണൻ | പ്രസിഡന്റ് | 01-04-2020 | 11-11-2020 |

| | | | |
|---|---|---|---|
| ഭരണ നിർവഹണ സമിതി | പ്രസിഡന്റ് | 12-11-2020 | 21-12-2020 |
| ശ്രീ. വി. രാധാകൃഷ്ണൻ | പ്രസിഡന്റ് | 22-12-2020 | 11-03-2021 |
| ശ്രീമതി. ശശികല. ഡി, (വൈസ് പ്രസിഡന്റ്), പ്രസിഡന്റ് ഇൻ ചാർജ്ജ് | പ്രസിഡന്റ് | 12-03-2021 | 31-03-2021 |
| ശ്രീ. വൈ. നിസാർ | സെക്രട്ടറി | 01-04-2020 | 21-12-2020 |
| ശ്രീ. പ്രദീപ്. എം. പി | സെക്രട്ടറി-ഇൻ-ചാർജ്ജ് | 22-12-2020 | 24-01-2021 |
| ശ്രീ. വൈ. നിസാർ | സെക്രട്ടറി | 25-01-2021 | 17-03-2021 |
| ശ്രീ. പ്രദീപ്. എം. പി | സെക്രട്ടറി-ഇൻ-ചാർജ്ജ് | 18-03-2021 | 31-03-2021 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| ശ്രീ. പ്രകാശൻ | അസിസ്റ്റൻറ്. എഞ്ചിനീയർ | 01-04-2019 | 29-09-2020 |
| ശ്രീമതി. അനിത. എസ് | അസിസ്റ്റൻറ്. എഞ്ചിനീയർ | 30-09-2020 | 31-03-2021 |
| ഡോ. ഡാലി | മെഡിക്കൽ ഓഫീസർ, പി.എച്ച്.സി | 01-04-2020 | 31-03-2021 |
| ഡോ. ധന്യ. ആർ. ദേവ് | മെഡിക്കൽ ഓഫീസർ, ആയുർവേദം | 01-04-2020 | 31-03-2021 |
| ഡോ. പ്രനിത നെൽസൺ | മെഡിക്കൽ ഓഫീസർ, ഹോമിയോ | 01-04-2020 | 31-03-2021 |
| ഡോ. രാജേഷ് | വെറ്ററിനറി സർജൻ | 01-04-2020 | 26-06-2020 |
| ഡോ. ജോൺ ലാലി | വെറ്ററിനറി സർജൻ | 27-06-2020 | 31-03-2021 |
| ശ്രീമതി. രേഖ. പി | ഐ. സി. ഡി. എസ് സൂപ്പർ വൈസർ | 01-04-2020 | 31-03-2021 |
| ശ്രീമതി. ധന്യ. എം | കൃഷി ഓഫീസർ | 01-04-2020 | 31-03-2021 |
| ശ്രീ. സുധീഷ് കുമാർ | ഡയറി ഫാം ഇൻസ്ട്രക്ടർ | 01-04-2020 | 31-03-2021 |
| ശ്രീമതി. സുലത. വി. എസ് | എച്ച്. എം | 01-04-2020 | 31-03-2021 |
| ശ്രീ. പ്രദീപ്. എം. പി | അസിസ്റ്റൻറ്. സെക്രട്ടറി | 01-04-2020 | 31-03-2021 |
| ശ്രീമതി. ബിന്ദു. പി | വി. ഇ. ഒ | 01-04-2020 | 31-03-2021 |
| ശ്രീമതി. സന്ധ്യ. എസ് | വി. ഇ. ഒ | 01-04-2020 | 04-02-2021 |
| ശ്രീമതി. ശാന്തി. ആർ | വി. ഇ. ഒ | 12-02-2021 | 31-03-2021 |

## ഉള്ളടക്കം


| ക്രമ നം | ഭാഗം **1** | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ്<br>Written By: Harsha L (Auditor, On 16-11-2021)<br>Last Updated By: Bini Chandran S (Computer Assistant, On 24-06-2022) | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക<br>Written By: Padmakumari L (Asst. Audit Officer, On 22-11-2021)<br>Last Updated By: Bini Chandran S (Computer Assistant, On 24-06-2022) | 1-2 |
| 3 | വാർഷികകണക്കിലെ അപാകതകൾ<br>Written By: Padmakumari L (Asst. Audit Officer, On 28-11-2021)<br>Last Updated By: Bini Chandran S (Computer Assistant, On 24-06-2022) | 1-2-1 |
| 4 | സാമ്പത്തിക വിശകലനം<br>Written By: Padmakumari L (Asst. Audit Officer, On 22-11-2021)<br>Last Updated By: Bini Chandran S (Computer Assistant, On 24-06-2022) | 1-3 |
| 5 | ഗ്രാന്റ് വിനിയോഗം<br>Written By: Padmakumari L (Asst. Audit Officer, On 24-11-2021)<br>Last Updated By: Bini Chandran S (Computer Assistant, On 24-06-2022) | 1-4 |
| 6 | ഗ്രാന്റ് വിനിയോഗ സ്റ്റേറ്റ്മെന്റ്<br>Written By: Padmakumari L (Asst. Audit Officer, On 24-11-2021)<br>Last Updated By: Bini Chandran S (Computer Assistant, On 24-06-2022) | 1-4-1 |
| 7 | പദ്ധതി അവലോകനം<br>Written By: Padmakumari L (Asst. Audit Officer, On 01-12-2021)<br>Last Updated By: Bini Chandran S (Computer Assistant, On 27-06-2022) | 1-5 |
| 8 | തൊഴിലുറപ്പ് പദ്ധതി<br>Written By: Padmakumari L (Asst. Audit Officer, On 02-12-2021)<br>Last Updated By: Bini Chandran S (Computer Assistant, On 27-06-2022) | 1-6 |
| 9 | ക്ഷേമ പദ്ധതികൾ<br>Written By: Arunjith G (Senior Grade Auditor, On 02-12-2021)<br>Last Updated By: Bini Chandran S (Computer Assistant, On 24-06-2022) | 1-7 |
| 10 | ക്യാഷ് പരിശോധന<br>Written By: Harsha L (Auditor, On 21-11-2021)<br>Last Updated By: Bini Chandran S (Computer Assistant, On 24-06-2022) | 1-8 |
| 11 | ആഭ്യന്തര നിയന്ത്രണം<br>Written By: Harsha L (Auditor, On 28-11-2021)<br>Last Updated By: Bini Chandran S (Computer Assistant, On 25-06-2022) | 1-9 |
| 12 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം<br>Written By: Harsha L (Auditor, On 21-11-2021)<br>Last Updated By: Bini Chandran S (Computer Assistant, On 25-06-2022) | 1-10 |
| 13 | തൊഴിൽ നികുതി, സ്ഥാപന തൊഴിൽ നികുതി എന്നിവ ഈടാക്കിയില്ല – ഓഡിറ്റ് നിർദ്ദേശത്തെ തുടർന്ന് ഒടുക്ക് വരുത്തി.<br>Written By: Harsha L (Auditor, On 29-11-2021)<br>Last Updated By: Bini Chandran S (Computer Assistant, On 25-06-2022) | 1-11 |
| 14 | അപകടകരമായ ആഞ്ഞിലി മരങ്ങൾ മുറിച്ചുമാറ്റുന്നതിന് ലേലനടപടികൾ സ്വീകരിക്കേണ്ടതാണ്.<br>Written By: Harsha L (Auditor, On 29-11-2021)<br>Last Updated By: Bini Chandran S (Computer Assistant, On 25-06-2022) | 1-12 |
| 15 | സർക്കാർ നിരക്ക് അംഗീകരിച്ച് നൽകിയിട്ടില്ലാത്ത ഇനം ടെണ്ടർ നടപടികൾ ഒഴിവാക്കി നേരിട്ട് വാങ്ങുന്നു.<br>Written By: Padmakumari L (Asst. Audit Officer, On 28-11-2021)<br>Last Updated By: Bini Chandran S (Computer Assistant, On 25-06-2022) | 1-13 |
| 16 | ദേശീയ തൊഴിലുറപ്പ് പദ്ധതി - നിർമ്മാണ പ്രവൃത്തികളിൽ ചെയ്യാത്ത ഇനങ്ങൾക്ക് തുക അനുവദിച്ചു.<br>Written By: Harsha L (Auditor, On 26-11-2021)<br>Last Updated By: Bini Chandran S (Computer Assistant, On 25-06-2022) | 1-14 |

| | | |
|---|---|---|
| 17 | വിനിയോഗസാക്ഷ്യപത്രം ലഭ്യമായില്ല.<br>Written By: Padmakumari L (Asst. Audit Officer, On 28-11-2021)<br>Last Updated By: Bini Chandran S (Computer Assistant, On 27-06-2022) | 1-15 |
| 18 | പഞ്ചായത്ത് ഓഫീസിലേക്ക് കമ്പ്യൂട്ടറും പ്രിന്ററും അനുബന്ധോപകരണങ്ങളും വാങ്ങൽ - നിലവിലും കമ്പ്യൂട്ടറുകൾ ലഭ്യമായിട്ടില്ല.<br>Written By: Padmakumari L (Asst. Audit Officer, On 28-11-2021)<br>Last Updated By: Bini Chandran S (Computer Assistant, On 25-06-2022) | 1-16 |
| 19 | കമ്പ്യൂട്ടറും അനുബന്ധോപകരണങ്ങളും എ.എം.സി - തുക അധികമായി നല്കി.<br>Written By: Padmakumari L (Asst. Audit Officer, On 28-11-2021)<br>Last Updated By: Bini Chandran S (Computer Assistant, On 27-06-2022) | 1-17 |
| 20 | തെരുവ് വിളക്ക് പരിപാലനം - നടത്തിപ്പിലെ അപാകതകൾ<br>Written By: Padmakumari L (Asst. Audit Officer, On 28-11-2021)<br>Last Updated By: Bini Chandran S (Computer Assistant, On 27-06-2022) | 1-18 |
| 21 | വിദ്യാർത്ഥികൾക്ക് ലാപ്ടോപ്പ് വിതരണം പൂർത്തിയായില്ല.<br>Written By: Padmakumari L (Asst. Audit Officer, On 28-11-2021)<br>Last Updated By: Bini Chandran S (Computer Assistant, On 27-06-2022) | 1-19 |
| 22 | മാർഗ്ഗരേഖകൾ ലംഘിച്ചുകൊണ്ട് ചെലവ് ചെയ്ത തുക നിരാകരിക്കുന്നു.<br>Written By: Padmakumari L (Asst. Audit Officer, On 28-11-2021)<br>Last Updated By: Bini Chandran S (Computer Assistant, On 25-06-2022) | 1-20 |
| 23 | പി.എച്ച്.സിക്ക് മരുന്ന് വാങ്ങൽ - മരുന്നുകൾ പൂർണ്ണമായി ലഭ്യമായില്ല.<br>Written By: Padmakumari L (Asst. Audit Officer, On 28-11-2021)<br>Last Updated By: Bini Chandran S (Computer Assistant, On 27-06-2022) | 1-21 |
| 24 | കന്നുകുട്ടി പരിപാലന പദ്ധതി - വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയില്ല.<br>Written By: Padmakumari L (Asst. Audit Officer, On 28-11-2021)<br>Last Updated By: Bini Chandran S (Computer Assistant, On 27-06-2022) | 1-22 |
| 25 | വീട് വാസയോഗ്യമാക്കൽ - ആദ്യ ഗഡു ആനുകൂല്യം കൈപ്പറ്റിയ ഗുണഭോക്താവ് നാളിതുവരെ ഭവന പുനരുദ്ധാരണം പൂർത്തിയാക്കിയിട്ടില്ല.<br>Written By: Arunjith G (Senior Grade Auditor, On 05-04-2022)<br>Last Updated By: Bini Chandran S (Computer Assistant, On 25-06-2022) | 1-23 |
| | ഭാഗം **2** | |
| | --- No Records Found --- | |
| | ഭാഗം **3** | |
| 1 | ദേശീയ തൊഴിലുറപ്പ് പദ്ധതി - നിർമ്മാണ പ്രവൃത്തികളിൽ ചെയ്യാത്ത ഇനങ്ങൾക്ക് തുക അനുവദിച്ച 33,430.88/-രൂപ നിരാകരിക്കുന്നു.<br>Written By: S.S.Preetha (Audit Officer, On 28-11-2021)<br>Last Updated By: Bini Chandran S (Computer Assistant, On 27-06-2022) | 3-1 |
| 2 | കമ്പ്യൂട്ടറും അനുബന്ധോപകരണങ്ങളും എ.എം.സി - തുക അധികമായി നല്കി.<br>Written By: Bini Chandran S (Computer Assistant, On 27-06-2022)<br>Last Updated By: Bini Chandran S (Computer Assistant, On 27-06-2022) | 3-2 |
| | ഭാഗം **4** | |
| 1 | വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം<br>Written By: Harsha L (Auditor, On 01-12-2021)<br>Last Updated By: Bini Chandran S (Computer Assistant, On 27-06-2022) | 4-1 |
| 2 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം<br>Written By: Harsha L (Auditor, On 21-11-2021)<br>Last Updated By: Bini Chandran S (Computer Assistant, On 27-06-2022) | 4-2 |
| 3 | നിക്ഷേപ പ്രവർത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ<br>Written By: Harsha L (Auditor, On 22-11-2021)<br>Last Updated By: Bini Chandran S (Computer Assistant, On 27-06-2022) | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ<br>Written By: Harsha L (Auditor, On 22-11-2021)<br>Last Updated By: Bini Chandran S (Computer Assistant, On 27-06-2022) | 4-4 |
| 5 | വായ്പ/ വായ്പാ തിരിച്ചടവ്<br>Written By: Harsha L (Auditor, On 22-11-2021)<br>Last Updated By: Bini Chandran S (Computer Assistant, On 27-06-2022) | 4-5 |

| | | |
|---|---|---|
| 6 | സ്ഥിര നിക്ഷേപം<br>Written By: Harsha L (Auditor, On 22-11-2021)<br>Last Updated By: Bini Chandran S (Computer Assistant, On 27-06-2022) | 4-6 |
| 7 | ഓഡിറ്റ് റിക്കവറി<br>Written By: Harsha L (Auditor, On 22-11-2021)<br>Last Updated By: Bini Chandran S (Computer Assistant, On 27-06-2022) | 4-7 |
| 8 | സമാഹൃത ഓഡിറ്റ് റിപ്പോർട്ട്<br>Written By: Harsha L (Auditor, On 22-11-2021)<br>Last Updated By: Bini Chandran S (Computer Assistant, On 27-06-2022) | 4-8 |
| 9 | ചാർജ്/ സർചാർജ് നടപടികളുടെ വിവരം<br>Written By: Harsha L (Auditor, On 22-11-2021)<br>Last Updated By: Bini Chandran S (Computer Assistant, On 27-06-2022) | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകണം<br>Written By: Harsha L (Auditor, On 03-12-2021)<br>Last Updated By: Bini Chandran S (Computer Assistant, On 27-06-2022) | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ<br>Written By: Harsha L (Auditor, On 01-12-2021)<br>Last Updated By: Bini Chandran S (Computer Assistant, On 27-06-2022) | 4-11 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |
| 3 | അനുബന്ധ പത്രികകൾ | |

# ഭാഗം -1

## പൊതു അവലോകനം

### 1-1 ബജറ്റ്

20.03.20 തീയതിയിലെ 1-ാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു. പുതുക്കിയ/പരിഷ്കരിച്ച ബജറ്റ് 16.02.21 തീയതിയിലെ 2(1) തീരുമാനപ്രകാരം അംഗീകരിച്ചിട്ടുണ്ട്.

### 1-2 വാർഷിക ധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31.07.21 | 02.07.21 | - | - |

### 1-2-1 വാർഷികകണക്കിലെ അപാകതകൾ

1. KURDFC ലോണിന്റെ തൻവർഷത്തെ ചെലവ് തുക ‘ Prepaid Expense’ ആയി തൻവർഷത്തെ വാർഷികകണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല.

2. B-3 ഷെഡ്യൂളിൽ മുൻവർഷത്തെ തുക തന്നെയാണ് ക്യാപ്പിറ്റൽ കോൺട്രിബ്യൂഷനായി രേഖപ്പെടുത്തിയിട്ടുള്ളത്. തൻ വർഷത്തെ മൂലധനചെലവുകൾ ടി ഷെഡ്യൂളിൽ ഉൾപ്പെടുത്തിയിട്ടില്ല.

3. ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല. ആയതിനാൽ ആസ്തിമൂല്യം കണക്കാക്കാൻ കഴിഞ്ഞിട്ടില്ല.

4. ക്ലോസിങ്ങ് സ്റ്റോക്കിന്റെ മൂല്യം ബാലൻസ് ഷീറ്റിൽ ഉൾപ്പെടുത്തിയിട്ടില്ല.

5. 'Sewage And Drainage', Waterways എന്നിവ 2019-20 ലെ വാർഷികകണക്കിൽ അസ്സറ്റായി ഉൾപ്പെടുത്തിയിട്ടില്ല. എന്നാൽ ഡിപ്രീസിയേഷനായി യഥാക്രമം 10,152/-, 14,78,918/-രൂപ ഉൾപ്പെടുത്തിയിട്ടുണ്ട്.

6. എസ്.എൽ.ഐ ഇനത്തിൽ ബാലൻസ്ഷീറ്റിൽ 'Liability' കാണിച്ചിട്ടുള്ളത്, 7,950/-രൂപയാണ്. രജിസ്റ്റർ പ്രകാരം 6,950/-രൂപയാണ്.

7. വസ്തു നികുതി സഞ്ചയ സോഫ്റ്റ് വെയർ പ്രകാരമുള്ള ഡിമാന്റ്, കളക്ഷൻ, തുകകളും വാർഷികകണക്ക പ്രകാരമുള്ള ഡിമാന്റ്, കളക്ഷൻ, തുകകളും തമ്മിൽ പൊരുത്തപ്പെടുന്നില്ല.

### 1-3 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 2,35,55,647/-രൂപ |
| വരവ് | 9,25,61,459/-രൂപ |
| ആകെ | 11,61,17,106/-രൂപ |
| ചെലവ് | 9,90,63,143/-രൂപ |
| നീക്കിയിരിപ്പ് | 1,70,53,963/-രൂപ |
| വരവിനങ്ങളിലുള്ള നഷ്ടം | - |
| ചെലവിനങ്ങളിലുള്ള നഷ്ടം | 63,834.77/-രൂപ |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 44,78,166/-രൂപ |

### 1-4 ഗ്രാന്റ് വിനിയോഗം

| ഗ്രാന്റ് | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ്/ ലാപ്പ്സായ തുക |
|---|---|---|---|---|---|
| വികസനഫണ്ട് (ജനറൽ) | 0 | 1,81,48,000/- | 1,81,48,000/- | 1,81,46,415/- | 1,585/- |

| | | | | | |
|---|---|---|---|---|---|
| വികസനഫണ്ട് (എസ്.സി.പി) | 0 | 1,72,13,000/- | 1,72,13,000/- | 1,56,34,791/- | 15,78,209/- |
| വികസനഫണ്ട് (റ്റി.എസ്.പി) | 0 | | | | |
| ധനകാര്യ കമ്മിഷൻഗ്രാന്റ് (Untied) | 0 | 1,42,98,273/- | 1,42,98,273/- | 83,27,251/- | 59,71,022/- |
| ധനകാര്യ കമ്മിഷൻഗ്രാന്റ്(tied) | | 79,60,000/- | 79,60,000/- | 36,69,140/- | 42,90,860/- |
| മെയിന്റനൻസ് ഫണ്ട്(റോഡ്) | 0 | 47,66,000/- | 47,66,000/- | 46,28,559/- | 1,37,441/- |
| മെയിന്റനൻസ് ഫണ്ട്(നോൺ റോഡ്) | 0 | 57,40,000/- | 56,81,945/- | 53,82,160/- | 3,57,840/- |
| | | | | ആകെ | 1,44,66,637/- |

| സംസ്ഥാനാവിഷ്കൃത ഗ്രാന്റ് | | | | | |
|---|---|---|---|---|---|
| ലൈഫ് മിഷൻ - സംസ്ഥാന വിഹിതം | 0 | 19,00,000/- | 19,00,000/- | 19,00,000/- | |
| ബൃത്ത് അറേഞ്ച്മെന്റിനുള്ള ഫണ്ട് | 0 | 73,994/- | 73,994/- | 73,994/- | 0 |
| സാക്ഷരത | 4,349/- | 0 | 0 | 0 | 4,349/- |
| ശുചിത്വമിഷൻ ഗ്രാന്റ് | 38,919/- | 2,12,309/- | 2,51,228/- | 0 | 2,51,228/- |
| എസ്.എസ്.എ | 5,749/- | 252/- | 5,971/- | 30/- | 5,971/- |
| കുടുംബശ്രീ ചലഞ്ച് ഫണ്ട് | 0 | 13,89,115/- | 13,89,115/- | 0 | 13,89,115/- |
| കേന്ദ്രാവിഷ്കൃത ഗ്രാന്റ് | | | | | |
| ICDS | 21,72,445/- | 14,48,108/- | 36,20,553/- | 27,00,000/- | 9,20,553/- |
| MNREGS ഭരണചെലവുകൾ | 0 | 14,99,542/- | 14,99,542/- | 10,81,367/- | 4,18,175/- |
| TSC | 7,65,711/- | 21,50,323/- | 29,16,034/- | 6,37,681/- | 22,78,353/- |
| SAGY | 25,680/- | 0 | 25,680/- | 0 | 25,680/- |

### 1-4-1 ഗ്രാന്റ് വിനിയോഗ സ്റ്റേറ്റ്മെന്റ്

ഗ്രാന്റ് വിനിയോഗ സ്റ്റേറ്റ്മെന്റ് പ്രകാരം വികസനഫണ്ട് ജനറൽ, എസ്.സി.പി, സെൻട്രൽ സ്പോൺസേർഡ് സ്കീം, സ്റ്റേറ്റ് സ്പോൺസേർഡ് സ്കീം എന്നിവയുടെ കണക്കുകൾ യഥാർത്ഥ കണക്കുകളുമായി പൊരുത്തപ്പെടുന്നില്ല.

### 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ (രൂപ) | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് (രൂപ) | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 294 | 12,22,31,336/- | 119 | 79,83,25,000/- | - | 118 | 40.47% |

### 1-6 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | - | 14,99,542/- | 14,99,542/- | 10,81,367/- | 4,18,175/- |

| | | | | | |
|---|---|---|---|---|---|
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | - | 5,64,73,775/- | 5,64,73,775/- | 5,64,73,775/- | - |

### 1-7 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക ₹ | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| കർഷകതൊഴിലാളി പെൻഷൻ | 9,74,700/- | 397 |
| വിധവാപെൻഷൻ | 2,21,64,000/- | 9579 |
| വാർദ്ധക്യകാലപെൻഷൻ | 3,85,50,000/- | 18579 |
| വികലാംഗപെൻഷൻ | 62,08,400/- | 2479 |
| അവിവാഹിത പെൻഷൻ | 7,92,100/- | 363 |
| വിവാഹധനസഹായം | 4,20,000/- | 14 |

### 1-8 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 19.11.21 തീയതിയിൽ 12.00pm ന് സ്ഥാപന തലവന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 6,738/-രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

### 1-9 ആഭ്യന്തര നിയന്ത്രണം

ഗ്രാമപഞ്ചായത്ത് ജീവനക്കാരുടെ കർത്തവ്യങ്ങൾ വ്യക്തമായി രേഖപ്പെടുത്തിയ ജോലി വിഭജനരേഖ സ്ഥാപനത്തിൽ പരിപാലിച്ചിട്ടുണ്ട്. വരവുകൾ സാംഖ്യ രസീതി നൽകി സ്വീകരിക്കുന്നു. സ്വീകരിക്കുന്ന തുകകൾ ശരിയായി അക്കൌണ്ട് ചെയ്യുന്നുണ്ട്. മാനുവൽ രസീതി മുഖേന സ്വീകരിക്കുന്ന തുകകളുടെ ഒടുക്ക് പരിശോധിച്ച് ഉറപ്പാക്കുന്നതിന് മേൽനോട്ട ചുമതലയുള്ളവർ കർത്തവ്യം നിർവ്വഹിക്കുന്നു. പേയ്മെന്റ് ഓർഡറുകൾ യഥാസമയം ചെയ്ത് ചെലവ് ആധികാരികമാക്കുകയും സാംഖ്യ വൗച്ചറുകൾ നമ്പർ ക്രമത്തിൽ സൂക്ഷിക്കുകയും ചെയ്തിട്ടുണ്ട്. കണക്കുകൾ ബന്ധപ്പെട്ട ധനകാര്യസ്റ്റാന്റിംഗ് കമ്മറ്റി പരിശോധിച്ച് ആവശ്യമായ നിർദ്ദേശങ്ങളോടും വിമർനങ്ങളോടും കൂടി അംഗീകരിക്കുന്നു.

അനുപൂരകപോഷകാഹാരപദ്ധതി നടത്തിപ്പ് – ട്രാൻസ്പോർട്ടേഷൻ ചാർജ്ജ് – കുറഞ്ഞ ക്വട്ടേഷൻ സ്വീകരിക്കുന്നതിന് യഥാസമയം ഭരണസമിതി തീരുമാനം നൽകാത്തതുമൂലം മുൻ വർഷത്തിലെ കൂടിയ നിരക്ക് നല്കേണ്ടിവരുകയും കൂടുതൽ തുക ചെലവഴിക്കേണ്ടിയും വരുന്നു. കറവ പശുവളർത്തൽ – ഗുണഭോക്താക്കൾ വീടുകളിലുള്ള പശുക്കളെ തന്നെ വാങ്ങിയതായി രേഖയുണ്ടാക്കുകയും ബന്ധുക്കളുടെ അക്കൗണ്ട് പഞ്ചായത്തിൽ ഹാജരാക്കി തുക കൈപ്പറ്റുകയും ചെയ്യുന്ന രീതി നടന്നുവരുന്നു. ക്ഷീരവികസനവും സ്വയംതൊഴിലും വരുമാനവും ലക്ഷ്യമാക്കിയുള്ള പദ്ധതി സബ്സിഡി തുക കൈപ്പറ്റൽ മാത്രമായി തീരുന്നത് തടയുന്നതിന് പർച്ചേസ് കമ്മിറ്റി, ഭരണസമിതി എന്നിവ പ്രത്യേക ശ്രദ്ധ പുലർത്തേണ്ടതാണ്.

സെക്യൂരിറ്റി ഡിപ്പോസിറ്റ് രജിസ്റ്റർ ശരിയായ രീതിയിൽ രേഖപ്പെടുത്തലുകൾ വരുത്തി ആധികാരികമാക്കി സൂക്ഷിക്കുന്നില്ല. പ്രവൃത്തി പൂർത്തീകരണ തീയതി രജിസ്റ്ററിൽ എഴുതിയിട്ടില്ലാത്തതിനാലും, കരാറുകാരൻ സ്ഥിരനിക്ഷേപം തിരികെ വാങ്ങുന്ന തീയതി രേഖപ്പെടുത്തി കൈയൊപ്പ് വയ്ക്കാത്തതിനാലും ഡിഫെക്റ്റ് ലൈബിലിറ്റി പിരീഡ് കഴിഞ്ഞാണോ കരാറുകാരൻ സെക്യൂരിറ്റി നിക്ഷേപം തിരികെ വാങ്ങിയതെന്ന് അറിയാൻ കഴിയുന്നില്ല. സ്ഥിരനിക്ഷേപ രജിസ്റ്റർ പരിശോധിച്ചതിൽ 129 വർക്കുകളിൽ കരാറുകാർ തീയതി രേഖപ്പെടുത്താതെ നിക്ഷേപം തിരികെ വാങ്ങിയിട്ടുണ്ട്. രജിസ്റ്റർ കൃത്യമായി പരിപാലിക്കേണ്ടതാണ്.

ഗ്രാമീണതൊഴിലുറപ്പ് പദ്ധതി പ്രവർത്തനങ്ങളിൽ കൃത്യമായ മോണിറ്ററിംഗിന്റെ അഭാവം ഓഡിറ്റിന്റെ

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. അപാകതകൾ ഓഡിറ്റ് ഖണ്ഡികയായി ഉൾപ്പെടുത്തിയിട്ടുണ്ട്.

1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 14.01.2020 | 11/2019 മുതൽ 12/2019 വരെ | 16.01.2020 |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 01.11.2019 | 2014/15 മുതൽ 2018/19 വരെ | 23.12.2019 |

1-11 തൊഴിൽ നികുതി, സ്ഥാപന തൊഴിൽ നികുതി എന്നിവ ഈടാക്കിയില്ല – ഓഡിറ്റ് നിർദ്ദേശത്തെ തുടർന്ന് ഒടുക്ക് വരുത്തി.

2019-20 സാമ്പത്തിക വർഷം പവിത്രേശ്വരം ക്ഷീരോൽപ്പാദക സഹകരണ സംഘം എന്ന സ്ഥാപനം ജീവനക്കാരുടെ തൊഴിൽ നികുതി, സ്ഥാപന തൊഴിൽ നികുതി എന്നിവ ഒടുക്കിയിട്ടില്ലെന്ന് തൊഴിൽ നികുതി രജിസ്റ്റർ പ്രകാരം ബോധ്യപ്പെട്ടു. ഡിമാന്റ് ചെയ്ത് നികുതി ഈടാക്കാതിരുന്നതിന് വിശദീകരണം ആവശ്യപ്പെട്ട നല്കിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടിയായി രണ്ട് അർദ്ധവർഷങ്ങളിലെ ജീവനക്കാരുടെ തൊഴിൽ നികുതി, സ്ഥാപന തൊഴിൽ നികുതി എന്നിവ പലിശയോട് കൂടി 23/11/21 തീയതിയിൽ 121010101589, 121010101590 എന്നീ നമ്പർ രസീതുകൾ പ്രകാരം അടവാക്കിയ രേഖകൾ ഹാജരാക്കിയിട്ടുണ്ട്.

ഓരോ അർദ്ധവർഷത്തിലും 60 ദിവസത്തിൽ കുറയാത്ത കാലം പഞ്ചായത്ത് പ്രദേശത്ത് ഇടപാടുകൾ നടത്തുന്ന ഏതൊരു സ്ഥാപനത്തിൽ നിന്നും, ബിസിനസ്സ് നടത്തുകയോ, തൊഴിലിലോ, കലയിലോ, ജോലിയിലോ ഏർപ്പെടുകയോ, പൊതുവായോ സ്വകാര്യമായോ ആയ ഏതെങ്കിലും ഉദ്യോഗം വഹിക്കുകയോ ചെയ്യുന്ന ഏതൊരാളിൽ നിന്നും തൊഴിൽ നികുതി ഈടാക്കേണ്ടതാണെന്ന് 1994-ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 204-ാം വകുപ്പ്, 1996-ലെ കേരള പഞ്ചായത്ത് രാജ് (തൊഴിൽനികുതി) ചട്ടങ്ങളിലെ ചട്ടം 3, 4 എന്നിവ അനുശാസിക്കുന്നു. നികുതി കുടിശ്ശിക വരുത്താതെ ആയത് കൃത്യ സമയത്ത് ഈടാക്കാൻ ബന്ധപ്പെട്ട ഉദ്യോഗസ്ഥൻ ശ്രദ്ധ ചെലുത്തേണ്ടതാണ്.
ഓഡിറ്റ് എൻക്വയറി നം : 05/20.11.21

1-12 അപകടകരമായ ആഞ്ഞിലി മരങ്ങൾ മുറിച്ചുമാറ്റുന്നതിന് ലേലനടപടികൾ സ്വീകരിക്കേണ്ടതാണ്.

ഗ്രാമപഞ്ചായത്തിലെ 2020-21 വർഷത്തെ ലേല രജിസ്റ്റർ പരിശോധിച്ചതിൽ കൈതക്കോട് പറപള്ളിക്കോണം പഞ്ചായത്ത് വക സ്ഥലത്ത് അപകടകരമായി നിൽക്കുന്ന 3 ആഞ്ഞിലി മരങ്ങളും പിഴുത് വീണ് കിടക്കുന്ന ഒരു ആഞ്ഞിലി മരവും ലേലം ചെയ്യാൻ 07/09/2019-ലെ 2(1) നമ്പർ പഞ്ചായത്ത് ഭരണസമിതിയുടെ തീരുമാനപ്രകാരം 03/10/2019-ൽ ലേലവും, 24/03/2020-ന് പുനർലേലവും നടത്തിയിട്ടും നാളിതുവരെ അവ ലേലത്തിൽ പോയിട്ടില്ലാത്തതാണ്. ലേലം നടക്കാത്തതിനാൽ തുടർന്ന് സ്വീകരിച്ച നടപടികൾ അറിയിക്കേണ്ടതാണെന്ന് ആവശ്യപ്പെട്ട് നൽകിയ എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടുണ്ട്. ഫോറസ്റ്റ് വകുപ്പ് നിശ്ചയിച്ച അടിസ്ഥാനവിലയിൽ കൂടുതൽ തുക കൂട്ടി വിളിക്കാൻ ലേലത്തിൽ പങ്കെടുത്തവർ തയ്യാറാകാത്തതിനെ തുടർന്ന് ആദ്യ ലേലവും, ലേലത്തിൽ ആരും പങ്കെടുക്കാത്തതിനാൽ പുനർലേലവും നടന്നില്ല. ലേലം വിളിക്കാനെത്തുന്നവർ പറയുന്ന തുക വളരെയേറെ താഴ്ന്നതിനാലും, പഞ്ചായത്തിന് നഷ്ടം വരുമെന്നതിനാലുമാണ് റീവാല്യൂവേഷന് ഫോറസ്റ്റ് വകുപ്പിനോട് ആവശ്യപ്പെടാതിരുന്നതെന്നമാണ് മറുപടി ലഭ്യമാക്കിയത്. റീവാല്യൂവേഷൻ ചെയ്ത് റിപ്പോർട്ട് ലഭ്യമാക്കാൻ ഉടൻ കത്ത് നൽകി, റിപ്പോർട്ട് ലഭിക്കുന്ന മുറയ്ക്ക് ലേലനടപടികൾ സ്വീകരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. വിഷയത്തിൽ സ്വീകരിക്കുന്ന

തുടർനടപടികളുടെ വിവരങ്ങൾ ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

ഓഡിറ്റ് എൻക്വയറി നം: 04/19.11.21

1-13 സർക്കാർ നിരക്ക് അംഗീകരിച്ച് നൽകിയിട്ടില്ലാത്ത ഇനം ടെണ്ടർ നടപടികൾ ഒഴിവാക്കി നേരിട്ട് വാങ്ങുന്നു.

ഐ.സി.ഡി.എസ് സൂപ്പർവൈസർ, അസി.സെക്രട്ടറി എന്നിവർ നടപ്പിലാക്കിയ വൃദ്ധർക്ക് കട്ടിൽ വാങ്ങൽ പദ്ധതികളിൽ ആർട്ട്കോയിൽ നിന്നും 4,350/-രൂപ നിരക്കിലുള്ള കട്ടിലുകൾ ടെണ്ടർ നടപടികളില്ലാതെ നേരിട്ട് വാങ്ങി വിതരണംചെയ്തിട്ടുണ്ട്. വാങ്ങിയ കട്ടിലുകളുടെ സ്പെസിഫിക്കേഷൻ ഇൻവോയ്സ്/ബിൽ പ്രകാരം Anjiliwood Single Cot L 198 Cm X W 90 Cm, Front Leg 60 Cm, Back Leg 50 Cm, 8 Mm Plywood Top എന്നാണ് രേഖപ്പെടുത്തിയിട്ടുള്ളത്.

എന്നാൽ ആർട്ട്കോയ്ക്ക് സർക്കാർ അംഗീകരിച്ച് നല്കിയ റേറ്റ് കോൺട്രാക്റ്റിന്റെ പട്ടികയിൽ പ്രസ്തുത ഇനം ഉൾപ്പെട്ടിട്ടില്ല. സ്റ്റോർ പർച്ചേസ് ഡിപ്പാർട്ട്മെന്റിന്റെ 2-4-19 ലെ ജി.ഒ(ആർ.ടി)നം.13/19 എന്ന ഉത്തരവിൽ സ്റ്റോർ പർച്ചേസ് ഡിപ്പാർട്ട്മെന്റുമായി റേറ്റ് കോൺട്രാക്റ്റ് ഉള്ള സ്ഥാപനങ്ങൾ സർക്കാർ അംഗീകരിച്ച നിരക്കിൽ സാധനങ്ങൾ വിതരണം ചെയ്യണമെന്നും വിതരണം ചെയ്യുന്ന സാധനങ്ങൾ തങ്ങളുടെ സ്ഥാപനത്തിൽ നിർമ്മിച്ചതാണെന്ന സാക്ഷ്യപത്രം നല്കേണ്ടതാണെന്നും വ്യക്തമാക്കുന്നുണ്ട്. സർക്കാർ അംഗീകരിച്ച റേറ്റ് കോൺട്രാക്റ്റ് ലിസ്റ്റിലുൾപ്പെടാത്ത ഇനങ്ങൾ ടെണ്ടർ നടപടികളിലൂടെ വാങ്ങേണ്ടതാണെന്നും വ്യക്തമാക്കുന്നുണ്ട്. അതിനാൽ തുടർന്നുള്ള പർച്ചേസുകളിൽ മേൽ നടപടിക്രമങ്ങൾ കൃത്യമായും പാലിക്കേണ്ടതാണ്.

1-14 ദേശീയ തൊഴിലുറപ്പ് പദ്ധതി - നിർമ്മാണ പ്രവൃത്തികളിൽ ചെയ്യാത്ത ഇനങ്ങൾക്ക് തുക അനുവദിച്ചു.

2019-2020, 2020-2021 സാമ്പത്തിക വർഷത്തിൽ Earthern Bund നിർമ്മാണ പ്രവൃത്തികളിൽ ചെയ്യാത്ത ഇനങ്ങൾക്ക് തുക അനുവദിച്ചിട്ടുണ്ട്. വിശദമായ എസ്റ്റിമേറ്റിൽ 2.3.1 Code-ൽ Bhisti, Hire Charges Of Diesel Road Roller, Chowkidar, Diesel Oil, Solvent/Diesel, Sundries എന്നീ ഇനങ്ങൾ ഉൾപ്പെടെയാണ് 192.758/എം.3 രൂപ നിരക്ക് എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തി കൂലി അനുവദിച്ചിട്ടുള്ളത്. എന്നാൽ ടി ഇനങ്ങൾ നടപ്പിലാക്കാത്തതിനാൽ ഒഴിവാക്കി അനുവദിക്കാവുന്ന നിരക്ക് 157.18/എം.3 രൂപയാണ്. വിശദാംശങ്ങൾ ചുവടെ രേഖപ്പെടുത്തുന്നു.

എം.3ന് 192.758/-രൂപ നിർമ്മാണ പ്രവൃത്തികളിൽ തിട്ടപ്പെടുത്തിയതിന് എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തിയ ഇനങ്ങൾ
Code 2.3.1 - Earth Work –Banking Excavated Earth In Layers...all Kinds Of Soil.
Earthern Bund

| ക്രമ നം. | Code | Description | Unit | Quantity | Rate | Amount (രൂപ) |
|---|---|---|---|---|---|---|
| 1. | 0114 | Beldar | Day | 0.2200 | 271 | 59.62 |
| 2. | 0115 | Coolie | Day | 0.3600 | 271 | 97.56 |
| 3. | 0101 | Bhisti | Day | 0.0400 | 800 | 32.00 |
| 4. | 0003 | Hire Charges Of Diesel Road Roller-8 To 10 Tonne | Day | 0.0008 | 1990 | 1.59 |
| 5. | 0113 | Chowkidar | Day | 0.0008 | 271 | 0.22 |
| 6. | 1235 | Diesel Oil | Litre | 0.0144 | 66 | 0.95 |
| 7. | 2342 | Solent/Diesel | Quintal | 0.0001 | 0.00 | 0.00 |
| 8. | 9999 | Sundries | L.S. | 0.2730 | 3.00 | 0.82 |

| | | | | | | |
|---|---|---|---|---|---|---|
| | | | | | ആകെ | 192.758/എം3 |

മേൽ എസ്റ്റിമേറ്റിൽ ബെൽഡർ കൂലി ഇനങ്ങൾ (അൺസ്കിൽഡ് ലേബർ) ഇനങ്ങൾ മാത്രമാണ് മൺകയ്യാലയിൽ അനുവദിക്കാവുന്നത്. കോഡ് 9999-ൽ കിഴിവ് ഉൾപ്പെടെ 3.31 കിഴിവ് വരുത്തി 189.45/എം3 നിരക്കാണ് പ്രസ്തുത പ്രവൃത്തിക്ക് നൽകിയിരിക്കുന്നത്.

അധികമായി 32.27രൂപ/എം.3 അനുവദിച്ചതിനാൽ വിവിധ പ്രവൃത്തികളിലായി 45834.77/-രൂപ തൊഴിലാളികൾക്ക് അനർഹമായി അനുവദിച്ചിട്ടുണ്ട്.

പ്രവൃത്തികളുടെ വിശദാംശങ്ങൾ വർഷം തിരിച്ച് ഖണ്ഡിക 3-1 ൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

1-15 വിനിയോഗസാക്ഷ്യപത്രം ലഭ്യമായില്ല.

സെക്രട്ടറി നിർവ്വഹണോദ്യോഗസ്ഥനായി നടപ്പിലാക്കിയ ചുവടെ ചേർക്കുന്ന പദ്ധതികളുടെ വിനിയോഗസാക്ഷ്യപത്രം ഹാജരാക്കിയില്ല. വിശദവിവരം ചുവടെ ചേർക്കുന്നു.

| ക്രമ നം | പദ്ധതിയുടെ നം, പേര്, അടങ്കൽ തുക, ഫണ്ട്, സ്ഥാപനം | ചെലവഴിച്ച തുക (ബിൽ നം), | തടസ്സപ്പെടുത്തുന്ന തുക(രൂ) | റിമാർക്ക്സ് |
|---|---|---|---|---|
| 1 | 67/21 സ്ട്രീറ്റ്മെയ്ൻ വലിക്കൽ<br>കെ.എസ്.ഇ.ബി, എഴുകോൺ – 24,752/-<br>കെ.എസ്.ഇ.ബി, പുത്തൂർ – 1,99,920/-<br>തനത്ഫണ്ട്- 2,25,000/- | 2,24,672/-<br>ചെക്ക് നം. 768957/16-2-21<br>തുക 24,752/-ചെക്ക് നം 845765/25-3-21 തുക 1,99,920/- | 2,24,672/- | വിശദമായ ധനവിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയിട്ടില്ല. |
| 2 | 84/21 കുടിവെള്ള പൈപ്പ് ലൈൻ നീട്ടൽ- പൊരീക്കൽ മാർക്കറ്റ് ബിൽഡിങ്, ധനകാര്യ കമ്മീഷൻ ഗ്രാന്റ്- 27,50,000/-<br>KWA, കൊല്ലം | 27,50,000/-<br>ബിൽ നം 29/ 12-3-21 | 27,50,000/- | ധനവിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയില്ല |
| 3 | 44/21 പൊരീക്കൽ മാർക്കറ്റ് ബിൽഡിങ് വൈദ്യുതീകരണം, തനത്ഫണ്ട്- 50,000/-, കെ.എസ്.ഇ.ബി, പുത്തൂർ | 50,000/-<br>ചെക്ക് നം 229827/11-11-20 | 50,000/- | ധനവിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയില്ല |
| 4 | 85/21 വാർഡുകളിലെ പോസ്റ്റ് മാറ്റി സ്ഥാപിക്കൽ, തനത്ഫണ്ട്- 50,000/-<br>കെ.എസ്.ഇ.ബി, കിഴക്കേ കല്ലട | 49,498/-<br>ചെക്ക് നം 449795/12-10-20 | 49,498/- | ധനവിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയില്ല |
| 5 | 39/21 ജീവനം ജില്ലാപഞ്ചായത്തിന് വിഹിതം നല്കൽ, തനത്ഫണ്ട്- 50,000/- | 50,000/-<br>ചെക്ക് നം 2291797/ 5-8-20 | 50,000/- | പ്രവർത്തി പൂർത്തീകരിച്ചതിന്റെ രേഖകൾ, ധനവിനിയോഗ സാക്ഷ്യപത്രം |

| | | | | |
|---|---|---|---|---|
| | | | | എന്നിവ ഹാജരാക്കിയില്ല |
| 6 | 320/21 പവിത്രേശ്വരം ഗ്രാമപഞ്ചായത്ത് ഓഫീസ്, മിനി ഓഡിറ്റോറിയം എന്നിവിടങ്ങളിൽ വയറിങ്, തനത്ഫണ്ട്- 1,50,000/- PWD Electrical Wing, കൊല്ലം | 1,50,000/- ചെക്ക് നം 2928214/ 27-3-21 | 1,50,000/- | പ്രവർത്തി പൂർത്തീ കരിച്ചതിന്റെ രേഖകൾ, ധനവിനിയോഗ സാക്ഷ്യപത്രം എന്നിവ ഹാജരാക്കിയില്ല |
| 7 | 227/21 ഹരിത സഹായ സ്ഥാപനങ്ങൾക്ക് തുക നല്കൽ, വികസനഫണ്ട്- 1,70,000/- | 1,62,000/- ബിൽ നം 4/ 16-8-20 | 1,62,000/- | |
| | | ആകെ | 34,36,170/- | |

വിനിയോഗരേഖകളുടെ അഭാവത്തിൽ മേൽ പദ്ധതികൾക്ക് വേണ്ടി ചെലവഴിച്ച തുകകൾ തടസ്സപ്പെടുത്തുന്നു. പ്രവർത്തി പൂർത്തീകരിച്ചതിന്റെ രേഖകൾ, വിശദമായ ധനവിനിയോഗ സാക്ഷ്യപത്രം എന്നിവ ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

മേൽ വിവരം സൂചിപ്പിച്ച് കൊണ്ട് നല്കിയ എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടില്ല.

തടസ്സപ്പെടുത്തുന്ന തുക - 34,36,170/-

ഓഡിറ്റ് എൻക്വയറി നം- 1/12-11-21

1-16 പഞ്ചായത്ത് ഓഫീസിലേക്ക് കമ്പ്യൂട്ടറും പ്രിന്ററും അനുബന്ധോപകരണങ്ങളും വാങ്ങൽ - നിലവിലും കമ്പ്യൂട്ടറുകൾ ലഭ്യമായിട്ടില്ല.

| | |
|---|---|
| നിർവ്വഹണോദ്യോഗസ്ഥൻ | സെക്രട്ടറി |
| പ്രോജക്ട് നം | 321/21 പഞ്ചായത്തോഫീസിലേക്ക് കമ്പ്യൂട്ടറും പ്രിന്ററും അനുബന്ധോപകരണങ്ങളും വാങ്ങൽ |
| അടങ്കൽ തുക | 3,00,000/- തനത്ഫണ്ട് |
| ചെലവഴിച്ച തുക | 1,98,985/-രൂപ (ചെക്ക് നം 2928213/24-3-21) |

മേൽ പദ്ധതി വഴി 39,797/-രൂപ നിരക്കിലുള്ള 5 കമ്പ്യൂട്ടറുകൾ കെൽട്രോണിൽ നിന്നും വാങ്ങുന്നതിനായി 1,98,985/-രൂപ (ചെക്ക് നം 2928213/24-3-21) 24-3-21 ൽ സി.പി.ആർ.സി.എസ് വഴി കെൽട്രോണിന് കൈമാറിയെങ്കിലും നിലവിലും കമ്പ്യൂട്ടറുകൾ ലഭ്യമായിട്ടില്ല. മേൽ വിഷയം സൂചിപ്പിച്ച് നല്കിയ എൻക്വയറിക്ക് ആഗോളതലത്തിലുള്ള ചിപ്പ് ക്ഷാമം മൂലം കെൽട്രോണിന് കമ്പ്യൂട്ടർ ലഭ്യമാക്കാൻ കഴിയാത്ത അവസ്ഥയാണെന്ന് അറിയിച്ചതായി മറുപടി ലഭ്യമാക്കിയിട്ടുണ്ട്. നിലവിലും കമ്പ്യൂട്ടറുകൾ ലഭ്യമായിട്ടില്ലാത്തതിനാൽ കെൽട്രോണിന് നല്കിയ 1,98,985/-രൂപ തടസ്സപ്പെടുത്തുന്നു. കമ്പ്യൂട്ടറുകൾ ലഭ്യമാകാത്തപക്ഷം തുക തിരികെ ഈടാക്കി രേഖകൾ ഹാജരാക്കേണ്ടതാണ്.

തടസ്സപ്പെടുത്തുന്ന തുക - 1,98,985/-

ഓഡിറ്റ് എൻക്വയറി നം - 1/12-11-21

1-17 കമ്പ്യൂട്ടറും അനുബന്ധോപകരണങ്ങളും എ.എം.സി - തുക അധികമായി നല്കി.

| | |
|---|---|
| നിർവ്വഹണോദ്യോഗസ്ഥൻ | സെക്രട്ടറി |
| പ്രോജക്ട് നം | 66/21 കമ്പ്യൂട്ടറും അനുബന്ധോപകരണങ്ങളും എ.എം.സി |
| അടങ്കൽ തുക | 1,04,430/-തനത്ഫണ്ട് |

| | |
|---|---|
| ചെലവഴിച്ച തുക | 1,04,430/-രൂപ (ചെക്ക് നം 845766/25-3-21) |

മേൽ പദ്ധതിനടത്തിപ്പിനായി കമ്പ്യൂട്ടറുകളുടെയും അനുബന്ധോപകരണങ്ങളുടെയും എ.എം.സിക്ക് തുക നിശ്ചയിച്ചുകൊണ്ടുള്ള കെൽട്രോണിന്റെ ഇൻവോയ്സിൽ ഉൾപ്പെടുത്തിയിട്ടുള്ള ഉപകരണങ്ങളിൽ നിന്നും 2 ഡോട്ട്മെട്രിക്സ് പ്രിന്ററിനെയും (വാറന്റി പീരിയഡിലുള്ളത്) 2 ലാപ്ടോപ്പുകളെയും ഒഴിവാക്കി എഗ്രിമെന്റ് വയ്ക്കുന്നതിന് കെൽട്രോണിന് ഗ്രാമപഞ്ചായത്തിൽ നിന്നും 13-10-20ലെ എ4-111/20 കത്തുമുഖേന അറിയിപ്പുനല്കിയിരുന്നു. 2 ഡോട്ട്മെട്രിക്സ് പ്രിന്ററുകളെ കരാറിൽ നിന്നും ഒഴിവാക്കിയെങ്കിലും ലാപ്ടോപ്പുകളുടെ എ.എം.സി തുക ഒഴിവാക്കാതെയുള്ള തുകയായ 1,04,430/-രൂപയുടെ ഇൻവോയ്സാണ് കെൽട്രോൺ ലഭ്യമാക്കിയത്. കെൽട്രോണിന് എ.എം.സി-യിനത്തിൽ ടി തുക ഒടുക്ക് വരുത്തിയിട്ടുള്ളതിനാൽ ലാപ്ടോപ്പുകളുടെ എ.എം.സി-യിനത്തിലുള്ള 18,000/-(9000*2)രൂപ കെൽട്രോണിന് അധികം നല്കിയിരിക്കുകയാണ്. മേൽ വിഷയം സൂചിപ്പിച്ച് കൊണ്ട് നല്കിയ എൻക്വയറിയുടെ മറുപടിയിൽ ലാപ്ടോപ്പുകളെ എ.എം.സിയിൽ നിന്നും ഒഴിവാക്കുന്നതിന് കത്ത് നല്കിയെങ്കിലും ഒഴിവാക്കാതെയാണ് കെൽട്രോൺ ഇൻവോയ്സ് ലഭ്യമാക്കിയതെന്നും ടി ഇൻവോയ്സ് കെൽട്രോണിൽ നിന്നും മാറ്റിയെടുക്കുന്നതിന് കാലതാമസം നേരിടുന്നതിനാലും എ.എം.സി പുതുക്കുന്നത് അത്യാവശ്യമായതിനാലുമാണ് ലാപ്ടോപ്പുകളെ ഒഴിവാക്കാതെ കരാറിലേർപ്പെട്ടതെന്നാണ് മറുപടി ലഭ്യമാക്കിയിട്ടുള്ളത്. മറുപടി ഓഡിറ്റ് അംഗീകരിക്കുന്നില്ല. അധികമായി നല്കിയ 18,000/-രൂപ ഉത്തരവാദിയായ പദ്ധതി നിർവ്വഹണാധികാരിയിൽ നിന്നും തിരികെ ഈടാക്കി പഞ്ചായത്ത് ഫണ്ടിൽ ഒടുക്കുവരുത്തി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

ഓഡിറ്റ് എൻക്വയറി നം- 1/12.11.21

1-18 തെരുവ് വിളക്ക് പരിപാലനം - നടത്തിപ്പിലെ അപാകതകൾ

| | |
|---|---|
| നിർവ്വഹണോദ്യോഗസ്ഥൻ | സെക്രട്ടറി |
| പ്രോജക്റ്റ് നം | 183/20, 220/21 തെരുവ് വിളക്കുകളുടെ വാർഷിക അറ്റകുറ്റപ്പണി (2019-20ലെ 183/20 തെരുവ് വിളക്കുകളുടെ വാർഷിക അറ്റകുറ്റപ്പണി എന്ന പദ്ധതിയുടെ സ്പിൽ ഓവർ |
| അടങ്കൽ തുക | ധനകാര്യകമ്മീഷൻ ഗ്രാന്റ്- 5,16,168/- |
| ചെലവഴിച്ച തുക | 4,25,304/- ബിൽ നം 15/10-11-20 |

2019-20ൽ 7,00,000/-രൂപ അടങ്കൽ നിശ്ചയിച്ചിരുന്ന മേൽ പദ്ധതി നടത്തിപ്പിന് വേണ്ടി ഇ-ടെണ്ടർ ക്ഷണിച്ചു കൊണ്ടുള്ള 7-8-19 ലെ ഇ.ദർഘാസ് പരസ്യത്തിൽ തെരുവുവിളക്കുകൾ മുടക്കം കൂടാതെ പ്രകാശിപ്പിക്കുന്നതിന് ലേബർ ചാർജ്ജുൾപ്പെടെയുള്ള നിരക്കുകൾ ക്വോട്ട് ചെയ്യണമെന്നും ഒരു തെരുവ് വിളക്ക് മെയിന്റനൻസ് നടത്തി പ്രകാശിപ്പിക്കുന്നതിനുള്ള നിരക്കാണ് ക്വോട്ട് ചെയ്യേണ്ടതെന്നും കരാർ ലഭിക്കുന്നവർ ഒരു വർഷത്തെ വാറന്റി കൂടി മെയിന്റനൻസ് നടത്തിയ തെരുവ് വിളക്കുകൾക്ക് നല്കേണ്ടതാണെന്നും വ്യക്തമാക്കിയിരുന്നു. ടെണ്ടർ ക്ഷണിച്ചു കൊണ്ടുള്ള വിൻഡോ പരസ്യത്തിൽ മെയിന്റനൻസ് ചെയ്യേണ്ട ഉപകരണങ്ങളായി 1330 സി.എഫ്.എൽ, 285 ഡബിൾ ട്യൂബ്സെറ്റ്, 950 സിംഗിൾ ട്യൂബ്സെറ്റ് എന്നതും ഉൾപ്പെടുത്തിയിരുന്നു. സമർപ്പിക്കപ്പെട്ട 3 ടെണ്ടറുകളിലെ വിശദവിവരം ചുവടെ ചേർക്കുന്നു.

| സ്ഥാപനങ്ങളുടെ പേര് | ക്വാട്ട് ചെയ്ത നിരക്ക്(രൂപ) | റിമാർക്ക്സ് |
|---|---|---|
| ബോസ് ലൈറ്റ്സ് | 655/- | ഇനം വ്യക്തമാക്കിയിട്ടില്ല |
| അനസ് ന്യൂടെക് അസോസിയേറ്റ്സ് | -8,00,470/- | അടങ്കൽ തുകയേക്കാൾ കൂടുതൽ |
| ശശിധരൻ പിള്ള, ഇലക്ട്രിക്കൽ കോൺട്രാക്ടർ | -6,78,000/- | ഇനം തിരിച്ചുള്ള നിരക്ക് രേഖപ്പെടുത്തിയിട്ടില്ല. |

ടെണ്ടർ സമർപ്പിച്ച 3 സ്ഥാപനങ്ങളും നിബന്ധനകൾ പാലിച്ചിരുന്നില്ല.

എന്നാൽ 31-8-19 ലെ 2(2) കമ്മിറ്റി തീരുമാനപ്രകാരം 6,78,000/-രൂപ രേഖപ്പെടുത്തിയ ശ്രീ. ശശിധരൻ

പിള്ളയ്ക്ക് കരാർ നല്കുകയും കരാർ തുകയെ ആകെ തെരുവുവിളക്കുകളുടെ എണ്ണം (1330+285+950 = 2565) കൊണ്ട് ഡിവൈഡ് ചെയ്ത് ഒരു തെരുവ് വിളക്കിന് 264/-രൂപ എന്ന ക്രമത്തിലാണ് തുക നല്കിയും വരുന്നത്. ടെണ്ടർ നടപടിയിലെയും പദ്ധതി നടത്തിപ്പിലെയും അപാകതകൾ ചുവടെ ചേർക്കുന്നു.

1. ലഭിച്ച ടെണ്ടറുകൾ ഒന്നും തന്നെ നിബന്ധനകൾ പാലിക്കാത്ത സാഹചര്യത്തിൽ റീടെണ്ടർ ചെയ്തിട്ടില്ല.

2. കെ.എസ്.ഇ.ബിയുമായി സംയുക്തപരിശോധന നടത്തി തെരുവ് വിളക്കുകളുടെ എണ്ണം, ഇനം എന്നിവയുടെ കൃത്യമായ കണക്കുകൾ തയ്യാറാക്കുകയോ തെരുവ് വിളക്ക് രജിസ്റ്റർ പരിപാലിക്കുകയോ ചെയ്യുന്നില്ല. തെരുവ് വിളക്കുകളുടെ എണ്ണം സംബന്ധിച്ച കൃത്യമായ രേഖകളില്ലാത്ത സാഹചര്യത്തിൽ എണ്ണം അടിസ്ഥാനമാക്കി തുക നിശ്ചയിച്ചതെങ്ങനെയെന്ന് വ്യക്തമല്ല.

ഓഡിറ്റിന് ഹാജരാക്കിയ രജിസ്റ്ററിൽ 19 വാർഡുകളിലുമായി 676 എൽ.ഇഡി ഉണ്ടെന്നാണ് രേഖപ്പെടുത്തിയിട്ടുള്ളത്. മറ്റ് ഇനങ്ങളുടെ വിവരങ്ങളൊന്നും രേഖപ്പെടുത്തിയിട്ടില്ല.

3. തെരുവ് വിളക്കുകളുടെ പരാതി രജിസ്റ്റർ ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല. അതിനാൽ പരാതിയിൽ ആവശ്യപ്പെട്ട പ്രകാരമാണോ മെയിന്റനൻസ് നടത്തിയതെന്ന് വ്യക്തമല്ല.

4. കരാർ കാലയളവിൽ മേൽ പദ്ധതിക്കായി ( 18-9-19 To 18-9-20 ) 5,87,136/- (161832 (2019 – 20) + 425304 (2020-21)) രൂപ കരാറുകാരന് നല്കിയിട്ടുണ്ട്. ആകെയുള്ള 2565 തെരുവ് വിളക്കുകളിൽ 2224 വിളക്കുകൾ മെയിന്റനൻസ് നടത്തിയ ഇനത്തിലാണ് തുക നല്കിയിട്ടുള്ളത്. സെക്രട്ടറിയുടെ തെരുവ് വിളക്ക് വാങ്ങൽ പദ്ധതികൾ പ്രകാരം 2020 ഫെബ്രുവരി, മാർച്ച് മാസങ്ങളിലായി 656 പുതിയ തെരുവ് വിളക്കുകൾ വാങ്ങി നിലവിലുള്ള പോസ്റ്റുകളിലെ വിളക്കുകൾ മാറ്റി സ്ഥാപിച്ചിട്ടുണ്ട്. (10-2-20 ൽ 50 എൽ.ഇ.ഡി, 29-2-20 ൽ 234 എൽ.ഇ.ഡി (82+152), 11-3-20 ൽ 54, സിംഗിൾ ട്യൂബ്സെറ്റ്, 11-3-20 ൽ 318 ട്യൂബ്സെറ്റ്. പുതിയ തെരുവ് വിളക്കുകൾ വാറന്റി പീരിയഡിലുള്ളതായതിനാൽ ടി വിളക്കുകൾക്ക് മെയിന്റനൻസ് ആവശ്യമായി വരുന്നില്ല. മെയിന്റനൻസ് നടത്തുന്നവയ്ക്ക് കരാറുകാരൻ ഒരു വർഷത്തെ വാറന്റി ഉറപ്പാക്കേണ്ടതിനാൽ മെയിന്റനൻസ് നടത്തിയവയുടെ എണ്ണവും പുതുതായി വാങ്ങിയ വിളക്കുകളുടെ എണ്ണവും ആകെ വിളക്കുകളുടെ എണ്ണവുമായി (2565) പൊരുത്തപ്പെടുന്നില്ല.

മേൽ അപാകതകൾക്ക് വിശദീകരണം ലഭ്യമാക്കണമെന്ന് സൂചിപ്പിച്ചുകൊണ്ട് നല്കിയ എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയിട്ടുണ്ട്. കാലവർഷവും ഇടിമിന്നലും മൂലം മിക്കസ്ഥലങ്ങളിലും തെരുവ് വിളക്കുകൾ പ്രകാശിക്കാത്ത നിലയിലാണെന്നും അടിയന്തിരമായി അവ പ്രവർത്തിപ്പിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കണമെന്ന് കമ്മിറ്റി ആവശ്യപ്പെട്ടതിനാലും വീണ്ടും ടെണ്ടർ വിളിക്കുന്നത് ഒരു മാസത്തെ കാലതാമസം ഉണ്ടാക്കുമെന്നതിനാലുമാണ് കുറഞ്ഞതുകയായ 678,000/-രൂപയ്ക്ക് കരാറിലേർപ്പെട്ടിട്ടുള്ളതെന്നും ഇതുമൂലം സാമ്പത്തിക നഷ്ടം ഉണ്ടായിട്ടില്ലെന്നുമാണ് അറിയിച്ചിട്ടുള്ളത്. എന്നാൽ തെരുവ് വിളക്കുകളുടെ കൃത്യമായ എണ്ണം, ഇനം എന്നിവ സൂചിപ്പിക്കുന്ന യാതൊരു രേഖകളും പഞ്ചായത്തിൽ ഇല്ലാത്തതിനാലും എണ്ണത്തെ അടിസ്ഥാനമാക്കി തുക നല്കുന്നതിനാലും മേൽ മറുപടി അംഗീകരിക്കുന്നില്ല. നടപടിക്രമങ്ങളിലെ അപാകതകൾ മൂലം പദ്ധതിക്ക് വേണ്ടി ചെലവഴിച്ച തുക തടസ്സപ്പെടുത്തുന്നു. പഞ്ചായത്ത് പരിധിയിലെ വാറന്റി പീരിയഡിലുള്ള തെരുവുവിളക്കുകളൊഴികെയുള്ളവയുടെ എണ്ണം കൃത്യമാക്കി കരാറുകാരന് നല്കിയ തുക കൃത്യമാക്കേണ്ടതും അധികമായി തുക നല്കിയിട്ടുണ്ടെങ്കിൽ തിരികെ ഈടാക്കി രേഖകൾ ഹാജരാക്കേണ്ടതുമാണ്.

തടസ്സപ്പെടുത്തുന്ന തുക – 4,25,304/-

ഓഡിറ്റ് എൻക്വയറി നം - 1/12-11-21

1-19 വിദ്യാർത്ഥികൾക്ക് ലാപ്ടോപ്പ് വിതരണം പൂർത്തിയായില്ല.

| | |
|---|---|
| നിർവ്വഹണോദ്യോഗസ്ഥൻ | അസി.സെക്രട്ടറി |

| | |
|---|---|
| പദ്ധതിയുടെ വിവരം | നം 299/21 (സ്പിൽ ഓവർ 119/20) വിദ്യാർത്ഥികൾക്ക് ലാപ്ടോപ്പ് (എസ്.സി.പി) |
| അടങ്കൽ തുക | 3,63,248/- വികസനഫണ്ട് എസ്.സി.പി |
| ചെലവഴിച്ച തുക | 3,63,248/- (ബിൽ നം 40/13-3-20) |

മേൽ പദ്ധതി വഴി 27,489/-രൂപ നിരക്കിലുള്ള 25 ലാപ്ടോപ്പുകൾ കെൽട്രോണിൽ നിന്നും വാങ്ങുന്നതിനായി 6,87,225/-രൂപ ചെലവഴിച്ചിട്ടുണ്ട്. 2020-21 ലെ പുതിയ പദ്ധതി 135/21 വഴി വാങ്ങിയ 19 ലാപ്ടോപ്പുകളും അർഹരായവർക്ക് വിതരണം ചെയ്തെങ്കിലും 2019-20 ലെ സ്പിൽ ഓവർ ആയ മേൽ പദ്ധതി വഴി വാങ്ങിയ 1 ലാപ്ടോപ്പ് നിലവിലും വിതരണം ചെയ്തിട്ടില്ല. പ്രസ്തുത വിഷയം സൂചിപ്പിച്ചുനല്കിയ എൻക്വയറിയുടെ മറുപടിയിൽ 25 ലാപ്ടോപ്പുകൾ വാങ്ങിയിരുന്നെങ്കിലും അർഹരായ ഗുണഭോക്താക്കൾ ലഭ്യമാകാതിരുന്ന സാഹചര്യത്തിൽ 24 എണ്ണം മാത്രമേ വിതരണം ചെയ്യാൻ കഴിഞ്ഞുള്ളു എന്നും അവശേഷിക്കുന്ന ലാപ്ടോപ്പ് പഞ്ചായത്ത് കമ്മിറ്റിയുടെ നിർദ്ദേശപ്രകാരം അർഹതയുള്ള ഗുണഭോക്താവിന് നല്കുമെന്നുമാണ് അറിയിച്ചിട്ടുള്ളത്. ഗുണഭോക്താക്കളുടെ അപേക്ഷയും പഠനരേഖകളും അർഹതയും നിർണ്ണയിച്ച് അർഹരായവരുടെ എണ്ണം തിട്ടപ്പെടുത്തിയതിന് ശേഷം വാങ്ങേണ്ട ലാപ്ടോപ്പുകളുടെ എണ്ണം നിശ്ചയിച്ച് വാങ്ങിയിരുന്നെങ്കിൽ പദ്ധതി നടപ്പിലാക്കി ഒരു വർഷത്തിന് ശേഷവും പഠനരേഖകൾ ഹാജരാക്കിയില്ലെന്ന കാരണത്താൽ ലാപ്ടോപ്പ് വിതരണം ചെയ്യാൻ അവശേഷിക്കില്ലായിരുന്നു. ഇലക്ട്രോണിക് ഉപകരണങ്ങൾ കൂടുതൽ കാലം ഉപയോഗിക്കാതെ സൂക്ഷിക്കുന്നത് അതിന്റെ പ്രവർത്തനശേഷി കുറയുന്നതിനും, വാറന്റി പീരിയഡ് നഷ്ടമാകുന്നതിനും ഇടയാക്കുന്നു. മേൽക്കാരണങ്ങളാൽ വിതരണം ചെയ്യാതെ സൂക്ഷിച്ചിരിക്കുന്ന ലാപ്ടോപ്പിന്റെ വില ആയ 27,489/-രൂപ തടസ്സപ്പെടുത്തുന്നു. അർഹതയുള്ള ഗുണോക്താവിനെ കണ്ടെത്തി ലാപ്ടോപ്പ് വിതരണം ചെയ്ത് രേഖകൾ ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്.

തടസ്സപ്പെടുത്തുന്ന തുക – 27,489/- രൂപ
ഓഡിറ്റ് എൻക്വയറി നം - 2/15-11-21

1-20 മാർഗ്ഗരേഖകൾ ലംഘിച്ചുകൊണ്ട് ചെലവ് ചെയ്ത തുക നിരാകരിക്കുന്നു.

ജില്ലാപഞ്ചായത്തിന്റെ തണ്ണീർപന്തൽ പദ്ധതിയിലെ കെട്ടിടത്തിന് ജനകീയ ഹോട്ടലിന്റെ ആനുകൂല്യം നൽകി. പഞ്ചായത്തിന്റെയും ജില്ലാപഞ്ചായത്തിന്റെയും പദ്ധതികൾ ഒരേ കെട്ടിടത്തിൽ ഒരേ കുടുംബശ്രീ യൂണിറ്റ് നടത്തുന്നു.

| | |
|---|---|
| നിർവ്വഹണോദ്യോഗസ്ഥൻ | അസി. സെക്രട്ടറി |
| പദ്ധതിയുടെ വിവരം | നം 176/21 കുടുംബശ്രീ ഭക്ഷണശാല |
| അടങ്കൽ തുക | 3,00,000/-തനത് ഫണ്ട് |
| ചെലവഴിച്ച തുക | 33,968/-, (തുക 20,178/-ചെക്ക് നം 768964/27-2-21, തുക 13,790/- ചെക്ക് നം 845766/25-3-21) |

ടേക്ക് എ ബ്രേക്ക് വിശ്രമ കേന്ദ്രങ്ങളും പൊതു ടോയിലെറ്റുകളും നടത്തുന്നതിന് ഗ്രാമപഞ്ചായത്തിലെ കൈരളി എം.വി കുടുംബശ്രീ യൂണിറ്റും ജില്ലാ പഞ്ചായത്തും 30.10.2020 ൽ കരാർ വച്ചു. ജില്ലാ പഞ്ചായത്ത് നിർമ്മിച്ചുനൽകിയ കെട്ടിടത്തിൽ പ്രവർത്തിക്കുന്ന സ്ഥാപനത്തിന്റെ വാടകയിനത്തിൽ പ്രതിമാസം 5,700/-രൂപയും നികുതിയും ജില്ലാ പഞ്ചായത്തിൽ കുടുംബശ്രീ യൂണിറ്റ് ഒടുക്കണമെന്ന് കരാറിൽ വ്യവസ്ഥയുണ്ട് (കരാർ പകർപ്പ് ഓഡിറ്റ് തെളിവായി അനുബന്ധത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ട്). ഗ്രാമപഞ്ചായത്ത് 176/21-ാം നമ്പർ പ്രോജക്ട് കുടുംബശ്രീ ഭക്ഷണശാല എന്ന പേരിൽ തനത് ഫണ്ടിൽ നിന്ന് 3,00,000/-രൂപ വകയിരുത്തി സ്ഥാപനത്തിന്റെ വാടക, വാട്ടർ ചാർജ്ജ്, കറണ്ട് ചാർജ്ജ് എന്നീയിനങ്ങളിൽ 33,968/-രൂപ, ചെക്ക് നം.768964/27.2.21 പ്രകാരം 20,178/-രൂപയും, ചെക്ക് നം 845766/25.3.21 പ്രകാരം 13,790/-രൂപയും ചെലവഴിച്ചിട്ടുണ്ട്.
06.03.2020 ലെ പന്ത്രണ്ടിന പരിപാടി സംബന്ധിച്ച മാർഗ്ഗരേഖ സ.ഉ(കൈ)45/20/തസ്വഭവ ഖണ്ഡിക

4.2.3 പ്രകാരം കേന്ദ്രത്തിന്റെ കറണ്ട് ചാർജ്ജ്, വാട്ടർ ചാർജ്ജ് എന്നിവ ഗ്രാമപഞ്ചായത്ത് നൽകണമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. ആയതിനാൽ ഗ്രാമപഞ്ചായത്ത് മേൽ പദ്ധതിക്കായി ചെലവഴിച്ച 33,968/-രൂപയിൽ കറണ്ട് ചാർജ്ജ്/വാട്ടർചാർജ്ജ് എന്നീയിനങ്ങളിൽ ചെലവഴിച്ച 6,152/-രൂപ കുറച്ച് വാടകയിനത്തിൽ നൽകിയ 27,816/-രൂപയുടെ ചെലവ് അംഗീകരിക്കുന്നില്ല. ടി തുക നിർവ്വഹണ ഉദ്യോഗസ്ഥനായ സെക്രട്ടറിയിൽ നിന്ന് ഈടാക്കി ഒടുക്കുവരുത്തി രേഖകൾ ലഭ്യമാക്കേണ്ടതാണ്.

നിരാകരിക്കുന്ന തുക - 27,816/-

ഓഡിറ്റ് എൻക്വയറി നം 2/15-11-21

1-21 പി.എച്ച്.സിക്ക് മരുന്ന് വാങ്ങൽ - മരുന്നുകൾ പൂർണ്ണമായി ലഭ്യമായില്ല.

മെഡിക്കൽ ഓഫീസർ, പി.എച്ച്.സി നിർവ്വഹണം നടത്തിയ, സാന്ത്വന പരിചരണ പദ്ധതി എന്ന പദ്ധതിപ്രകാരം മരുന്ന്, ഉപകരണങ്ങൾ എന്നിവയ്ക്കായി തുക മെഡിക്കൽ സർവ്വീസ് കോർപ്പറേഷനിൽ ഒടുക്കുവരുത്തിയിട്ടുണ്ടെങ്കിലും മരുന്ന്/ഉപകരണങ്ങൾ പൂർണ്ണമായി ലഭിച്ചിട്ടില്ല. വിശദവിവരം ചുവടെ ചേർക്കുന്നു.

| പ്രോജക്ട് നം./ഫണ്ടിനം. | അടങ്കൽ തുക(രൂപ) | മരുന്ന്/ഉപകരണങ്ങൾക്കായി നല്കിയ തുക (രൂപ) | ബില്ല് നം/തീയതി | ലഭിച്ച മരുന്നുകളുടെ വില (രൂപ) | ലഭിയ്ക്കുവാനുള്ള മരുന്നുകളുടെ വില (രൂപ) |
|---|---|---|---|---|---|
| 179/21, സാന്ത്വന പരിചരണ പദ്ധതി വികസന ഫണ്ട് ജനറൽ മരുന്ന് വാങ്ങൽ | 7,00,000/- | 2,43,900/- | ബിൽ നം.12/ 5-1-21 | 73,917/- | 1,69,983/- |

ലഭിക്കുവാൻ ശേഷിക്കുന്ന മരുന്നുകൾ ലഭ്യമാക്കി രേഖകളും സ്റ്റോക്ക് രജിസ്റ്ററും പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്.

1-22 കന്നുകുട്ടി പരിപാലന പദ്ധതി - വിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കിയില്ല.

| | |
|---|---|
| നിർവഹണോദ്യോഗസ്ഥൻ | വെറ്ററിനറി സർജൻ |
| പദ്ധതി, നം, പേര് | 288/21 കന്നുകുട്ടി പരിപാലന പദ്ധതി |
| അടങ്കൽ തുക | 14,25,000/-<br>വികസന ഫണ്ട് ജനറൽ - 3,56,250/-<br>സംസ്ഥാനാവിഷ്കൃതം - 3,56,250/-,<br>ഗുണഭോക്തൃ വിഹിതം - 7,12,500/-) |
| ചെലവ് തുക | 3,56,250/- വികസന ഫണ്ട് ജനറൽ (ട്രഷറി ട്രാൻസ്ഫർ ) |

2019-20ലെ സ്പിൽഓവർ പ്രോജക്ടായി 2020-21 സാമ്പത്തിക വർഷം നടപ്പിലാക്കിയ കന്നുകുട്ടി പരിപാലന പദ്ധതിക്കായി ഗ്രാമപഞ്ചായത്തിൽ നിന്നും 57കന്നുകുട്ടികൾക്കുള്ള വിഹിതമായി (6250/ രൂപ നിരക്കിൽ പഞ്ചായത്ത് വിഹിതം) 3,56,250/- രൂപ അസിസ്റ്റന്റ് ഡയറക്ടർ, കാഫ്ഫീഡ് സബ്സിഡി സ്കീമിലേക്ക് ഒടുക്കുവരുത്തിയിട്ടുണ്ടെങ്കിലും കാലിത്തീറ്റ വിതരണരേഖകൾ, തുകയുടെ വിനിയോഗ സാക്ഷ്യപത്രം എന്നിവ ഹാജരാക്കിയിട്ടില്ല. മേൽ രേഖകളുടെ അഭാവത്തിൽ പദ്ധതിക്ക് വേണ്ടി കാഫ്ഫീഡ് സബ്സിഡി സ്കീമിൽ ഒടുക്കിയ 3,56,250/-രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു. രേഖകൾ ഹാജരാക്കി തടസ്സം ഒഴിവാക്കേണ്ടതാണ്. മേൽ വിഷയം സൂചിപ്പിച്ച് നല്കിയ എൻക്വയറിക്ക്, രേഖകൾ ഹാജരാക്കുന്നതാണെന്ന് മറുപടി ലഭ്യമാക്കിയിട്ടുണ്ട്.

തടസ്സപ്പെടുത്തിയ തുക - 3,56,250/-

ഓഡിറ്റ് എൻക്വയറി നം.14/23-11-21

1-23 വീട് വാസയോഗ്യമാക്കൽ - ആദ്യ ഗഡു ആനുകൂല്യം കൈപ്പറ്റിയ ഗുണഭോക്താവ് നാളിതുവരെ

ഭവന പുനരുദ്ധാരണം പൂർത്തിയാക്കിയിട്ടില്ല.

വീട് വാസയോഗ്യമാക്കൽ (എസ് സി പി ) ( പ്രോജക്ട് നം.194/21 ) പ്രകാരം ആദ്യ ഗഡു ആനുകൂല്യം കൈപ്പറ്റിയ ഗുണഭോക്താവ് നാളിതുവരെ ഭവന പുനരുദ്ധാരണം പൂർത്തിയാക്കിയിട്ടില്ല. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| പേര്, വിലാസം | ആദ്യഗഡു നല്കിയ തീയതി | കരാർ തീയതി | ആകെ തുക ₹ | അനുവദിച്ച തുക ₹ | ബിൽ നം, തീയതി |
|---|---|---|---|---|---|
| ശ്രീമതി ഇന്ദിര, ചേലക്കോട്ട് വീട്, മാറനാട് ഈസ്റ്റ് | 08.09.20 | 20.02.20 | 50,000/- | 25,000/- | 06/20-21, 09.09.20 |

ഗുണഭോക്താവ് എസ്റ്റിമേറ്റ് പ്രകാരമുള്ള പ്രവൃത്തികൾ പൂർത്തിയാക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തേണ്ടതും ബാക്കി തുക അനുവദിക്കേണ്ടതുമാണ്.

സമയബന്ധിതമായും കരാർ പ്രകാരവും പണികൾ പൂർത്തീകരിക്കാത്ത സാഹചര്യത്തിൽ അനുവദിച്ച തുക നിയമാനുസൃതം തിരികെ ഈടാക്കി സർക്കാരിലേക്ക് ഒടുക്കേണ്ടതാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

### 3-1 ദേശീയ തൊഴിലുറപ്പ് പദ്ധതി - നിർമ്മാണ പ്രവൃത്തികളിൽ ചെയ്യാത്ത ഇനങ്ങൾക്ക് തുക അനുവദിച്ച 33,430.88/-രൂപ നിരാകരിക്കുന്നു.

2019-2020, 2020-2021 സാമ്പത്തിക വർഷത്തിൽ Earthern Bund നിർമ്മാണ പ്രവൃത്തികളിൽ ചെയ്യാത്ത ഇനങ്ങൾക്ക് തുക അനുവദിച്ചിട്ടുണ്ട്. വിശദമായ എസ്റ്റിമേറ്റിൽ 2.3.1 Code- ൽ Bhisti, Hire Charges Of Diesel Road Roller, Chowkidar, Diesel Oil, Solvent/Diesel, Sundries എന്നീ ഇനങ്ങൾ ഉൾപ്പെടെയാണ് 192.758/എം.3 രൂപ നിരക്ക് എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തി കൂലി അനുവദിച്ചിട്ടുള്ളത്. എന്നാൽ ടി ഇനങ്ങൾ നടപ്പിലാക്കാത്തതിനാൽ ഒഴിവാക്കി അനുവദിയ്ക്കാവുന്ന നിരക്ക് 157.18/എം.3 രൂപയാണ്. വിശദാംശങ്ങൾ ചുവടെ രേഖപ്പെടുത്തുന്നു.

എം.3ന് 192.758 രൂപ നിർമമാണ പ്രവൃത്തികളിൽ തിട്ടപ്പെടുത്തിയതിന് എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തിയ ഇനങ്ങൾ

Code 2.3.1 - Earth Work – Banking Excavated Earth In Layers...all Kinds Of Soil.

Earthern Bund

| ക്രമ നം. | Code | Description | Unit | Quantity | Rate | Amount(രൂപ) |
|---|---|---|---|---|---|---|
| 1. | 0114 | Beldar | Day | 0.2200 | 271 | 59.62 |
| 2. | 0115 | Coolie | Day | 0.3600 | 271 | 97.56 |
| 3. | 0101 | Bhisti | Day | 0.0400 | 800 | 32.00 |
| 4. | 0003 | Hire Charges Of Diesel Road Roller-8 To 10 Tonne | Day | 0.0008 | 1990 | 1.59 |
| 5. | 0113 | Chowkidar | Day | 0.0008 | 271 | 0.22 |
| 6. | 1235 | Diesel Oil | Litre | 0.0144 | 66 | 0.95 |
| 7. | 2342 | Solent/Diesel | Quintal | 0.0001 | 0.00 | 0.00 |
| 8. | 9999 | Sundries | L.S. | 0.2730 | 3.00 | 0.82 |

| | | | | | | |
|---|---|---|---|---|---|---|
| | | | | | | ആകെ 192.758/എം3 |

മേൽ എസ്റ്റിമേറ്റിൽ ബെൽഡർ കൂലി ഇനങ്ങൾ (അൺസ്കിൽഡ് ലേബർ) ഇനങ്ങൾ മാത്രമാണ് മൺകയ്യാലയിൽ അനുവദിക്കാവുന്നത്. കോഡ് 9999 ൽ കിഴിവ് ഉൾപ്പെടെ 3.31 കിഴിവ് വരുത്തി 189.45/എം3 നിരക്കാണ് പ്രസ്തുത പ്രവൃത്തിക്ക് നൽകിയിരിക്കുന്നത്.
അധികമായി 35.578രൂപ/എം.3 അനുവദിച്ചതിനാൽ വിവിധ പ്രവൃത്തികളിലായി 45,834.77/-രൂപ തൊഴിലാളികൾക്ക് അനർഹമായി അനുവദിച്ചിട്ടുണ്ട്.

| ക്രമ നം | പ്രവർത്തിയുടെ പേര് | ടി എസ്സ് നമ്പർ, തീയതി | എഫ് ടി ഒ നമ്പർ | തീയതി | എം ബുക്ക് നം, പേജ് നം | അളവ് പുസ്തകത്തിൽ രേഖപ്പെടുത്തിയ അളവ് അനുവദിച്ച തുക(എം 3 ന 201.053/-രൂപ നിരക്കിൽ ) | അനുവദനീയമായ തുക (എം 3 ന 157.18/-രൂപ നിരക്കിൽ ) | അധികം നല്കിയ തുക |
|---|---|---|---|---|---|---|---|---|
| 1 | വാർഡ് 3 നീർത്തടാദിഷ്ഠിത പ്രവർത്തികൾ - IF/453298 | 285939 – 24/12/2019 | 133109, 133115 | 27/06/2021 | 135/19, 21 | 110.538 Cum, 22223.99/- | 17374.36/- | 4849.63/- |
| 2 | വാർഡ് 1 നീർത്തടാദിഷ്ഠിത പ്രവർത്തികൾ -WC/394680 | 201344 - 05/07/2020 | 309536, 309541 | 24/09/2020 | 163/20, 10 | 827.365 Cum, 166344.21/- | 130045.23/- | 36298.98/- |
| | | | 347460, 347454 | 08/10/2020 | | | | |
| | | | 382229, 382223 | 21/10/2020 | | | | |
| 3 | വാർഡ് 11 നീർത്തടാദിഷ്ഠിത പ്രവർത്തികൾ - IF/461328 | 29328 - 07/02/2020 | 53860, 53866 | 20/05/2020 | 185/19, 13 | 106.812 Cum, 21474.87/- | 16788.710/- | 4686.16/- |
| | | | | | | | ആകെ | 45,834.77/- |

അനർഹമായി അനുവദിച്ച 45,834.77/-രൂപ തെറ്റായ മൂല്യനിർണ്ണയം നടത്തിയ തൊഴിലുറപ്പ് വിഭാഗം അക്രഡിറ്റഡ് എൻജിനീയർ ശ്രീമതി. ശീലാവതിയിൽ നിന്നും ഈടാക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്.

3-2 കമ്പ്യൂട്ടറും അനുബന്ധോപകരണങ്ങളും എ.എം.സി - തുക അധികമായി നല്കി.

| | |
|---|---|
| നിർവ്വഹണോദ്യോഗസ്ഥൻ | സെക്രട്ടറി |
| പ്രോജക്ട് നം | 66/21 കമ്പ്യൂട്ടറും അനുബന്ധോപകരണങ്ങളും എ.എം.സി |
| അടങ്കൽ തുക | 1,04,430/-തനത്ഫണ്ട് |
| ചെലവഴിച്ച തുക | 1,04,430/-രൂപ (ചെക്ക് നം 845766/25-3-21) |

മേൽ പദ്ധതിനടത്തിപ്പിനായി കമ്പ്യൂട്ടറുകളുടെയും അനുബന്ധോപകരണങ്ങളുടെയും എ.എം.സിക്ക് തുക നിശ്ചയിച്ചുകൊണ്ടുള്ള കെൽട്രോണിന്റെ ഇൻവോയ്സിൽ ഉൾപ്പെടുത്തിയിട്ടുള്ള ഉപകരണങ്ങളിൽ നിന്നും 2 ഡോട്ട്മെട്രിക്സ് പ്രിന്ററിനെയും (വാറന്റി പീരിയഡിലുള്ളത്) 2 ലാപ്ടോപ്പുകളെയും ഒഴിവാക്കി എഗ്രിമെന്റ് വയ്ക്കുന്നതിന് കെൽട്രോണിന് ഗ്രാമപഞ്ചായത്തിൽ നിന്നും 13-10-20ലെ എ4-111/20

കത്തുമുഖേന അറിയിപ്പുനല്കിയിരുന്നു. 2 ഡോട്ട്മെട്രിക്സ് പ്രിന്ററുകളെ കരാറിൽ നിന്നും ഒഴിവാക്കിയെങ്കിലും ലാപ്ടോപ്പുകളുടെ എ.എം.സി തുക ഒഴിവാക്കാതെയുള്ള തുകയായ 1,04,430/-രൂപയുടെ ഇൻവോയ്സാണ് കെൽട്രോൺ ലഭ്യമാക്കിയത്. കെൽട്രോണിന് എ.എം.സി-യിനത്തിൽ ടി തുക ഒടുക്ക് വരുത്തിയിട്ടുള്ളതിനാൽ ലാപ്ടോപ്പുകളുടെ എ.എം.സി-യിനത്തിലുള്ള 18,000/-(9000*2)രൂപ കെൽട്രോണിന് അധികം നല്കിയിരിക്കുകയാണ്. മേൽ വിഷയം സൂചിപ്പിച്ച് കൊണ്ട് നല്കിയ എൻക്വയറിയുടെ മറുപടിയിൽ ലാപ്ടോപ്പുകളെ എ.എം.സിയിൽ നിന്നും ഒഴിവാക്കുന്നതിന് കത്ത് നല്കിയെങ്കിലും ഒഴിവാക്കാതെയാണ് കെൽട്രോൺ ഇൻവോയ്സ് ലഭ്യമാക്കിയതെന്നും ടി ഇൻവോയ്സ് കെൽട്രോണിൽ നിന്നും മാറ്റിയെടുക്കുന്നതിന് കാലതാമസം നേരിടുന്നതിനാലും എ.എം.സി പുതുക്കുന്നത് അത്യാവശ്യമായതിനാലുമാണ് ലാപ്ടോപ്പുകളെ ഒഴിവാക്കാതെ കരാറിലേർപ്പെട്ടതെന്നാണ് മറുപടി ലഭ്യമാക്കിയിട്ടുള്ളത്. മറുപടി ഓഡിറ്റ് അംഗീകരിക്കുന്നില്ല. അധികമായി നല്കിയ 18,000/-രൂപ ഉത്തരവാദിയായ പദ്ധതി നിർവ്വഹണാധികാരിയിൽ നിന്നും തിരികെ ഈടാക്കി പഞ്ചായത്ത് ഫണ്ടിൽ ഒടുക്കുവരുത്തി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

ഓഡിറ്റ് എൻക്വയറി നം- 1/12.11.21

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 വാർഷികധനകാര്യപത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2019-20 | 25.10.21 | കെ.എസ്.എ.കെ.എൽ.എം.പി.11/1723/21 തീയതി. 23.06.2022 |

### 4-2 സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക(രൂപ) | പ്രോജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2020-21 | 2,00,000/- | ക്ഷീര കർഷകർക്ക് പാലിനുള്ള സബ്സിഡി | 2,00,000/- | - |
| ബ്ലോക്ക് പഞ്ചായത്ത് | 2020-21 | 12,18,432/- | ഭിന്നശേഷിയുള്ളവർക്ക് വീൽ ചെയർ | 1218432/- | - |
| ബ്ലോക്ക് പഞ്ചായത്ത് | 2020-21 | 2,50,000/- | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്കുള്ള സ്കോളർഷിപ്പ് | 2,50,000/- | - |
| ബ്ലോക്ക് പഞ്ചായത്ത് | 2020-21 | 1,24,124/- | സമഗ്ര നെൽകൃഷി വികസനം | 1,24,124/- | - |
| ബ്ലോക്ക് പഞ്ചായത്ത് | 2020-21 | 3,14,500/- | സുഭിക്ഷ കേരളം തരിശ് നെൽകൃഷി | 3,14,500/- | - |
| ബ്ലോക്ക് പഞ്ചായത്ത് | 2020-21 | 23,960/- | സുഭിക്ഷ കേരളം വാഴകൃഷി വികസനം | 23,960/- | - |
| ബ്ലോക്ക് പഞ്ചായത്ത് | 2020-21 | 19,400/- | സുഭിക്ഷ കേരളം തരിശ് പച്ചക്കറി വികസനം | 19,400/- | - |
| ബ്ലോക്ക് | 2020-21 | 28,560/- | സുഭിക്ഷ കേരളം | 28,560/- | - |

| | | | | | |
|---|---|---|---|---|---|
| പഞ്ചായത്ത് | | | കിഴങ്ങ് കൃഷി വികസനം | | |
| ജില്ലാ പഞ്ചായത്ത് | 2020-21 | 2,50,000/- | അംഗൻവാടി പോഷകാഹാരം പദ്ധതി | 2,50,000/- | - |
| ജില്ലാ പഞ്ചായത്ത് | 2020-21 | 2,50,000/- | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്കുള്ള സ്കോളർഷിപ്പ് | 2,50,000/- | - |
| ജില്ലാ പഞ്ചായത്ത് | 2020-21 | 8,00,000/- | അംഗൻവാടി പോഷകാഹാരം പദ്ധതി | 8,00,000/- | - |

4-3 നിക്ഷേപ പ്രവർത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ/ ചെക്ക് നം. | മുൻകൂർ നൽകിയ തുക(രൂപ) | ചെലവഴിച്ച തുക(രൂപ) | ചെലവഴിക്കാൻ ബാക്കിയുള്ള തുക(രൂപ) |
|---|---|---|---|---|---|
| കേരള വാട്ടർ അതോറിറ്റി | പ്രോജക്ട് നം. 84/21 പൈപ്പ് ലൈൻ എക്സ്റ്റൻഷൻ | 22001299 | 27,50,000/- | 0 | 27,50,000/- |
| കെ.എസ്.ഇ.ബി. | പ്രോജക്ട് നം. 67/21 ലൈൻ എക്സ്റ്റൻഷൻ | 22001228 | 1,99,920/- | 0 | 1,99,920/- |
| കെ.എസ്.ഇ.ബി. | പ്രോജക്ട് നം. 67/21 ലൈൻ എക്സ്റ്റൻഷൻ | 22001085 | 24,752/- | 0 | 24,752/- |
| കെ.എസ്.ഇ.ബി. | ലൈൻ എക്സ്റ്റൻഷൻ | 2200541 | 49,498/- | 0 | 49498/- |
| പി. ഡബ്ല്യൂ. ഡി | പ്രോജക്ട് നം. 44 പൊരീക്കൽ മാർക്കറ്റ് വൈദ്യുതീകരണം | 22000618 | 50,000/- | 0 | 50,000/- |
| പി. ഡബ്ല്യൂ. ഡി | പ്രോജക്ട് നം. 320 പഞ്ചായത്ത് ഓഫീസ് വൈദ്യുതീകരണം | 22001244 | 1,50,000/- | 0 | 1,50,000/- |

4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല

4-5 വായ്പ/ വായ്പാ തിരിച്ചടവ്

ഓഡിറ്റ് വർഷം പഞ്ചായത്തിന് വായ്പയിനത്തിൽ 2,80,000/-രൂപ വരവുണ്ട്. മുൻബാക്കി 0 രൂപയടക്കം 2,80,000/-രൂപയിൽ 2,80,000/-രൂപ വിനിയോഗിച്ചിട്ടുണ്ട്.

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തീയതി | തൻവർഷ വായ്പ തുക (രൂപ) | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക(രൂപ) | തൻവർഷം തിരിച്ചടച്ച തുക(രൂപ) | | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക (രൂപ) |
|---|---|---|---|---|---|---|
| | | | | മുതൽ | പലിശ | |

| | | | | | | |
|---|---|---|---|---|---|---|
| ലൈഫ് ഭവന പദ്ധതി | സ.ഉ(എം.എസ്)111/18/ 13.08.2018 | 2,80,000/- | 2,49,77,346/- | 24,57,569/- | | 2,27,99,777/- |

4-6 സ്ഥിര നിക്ഷേപം

ഇല്ല

4-7 ഓഡിറ്റ് റിക്കവറി

ഇല്ല

4-8 സമാഹൃത ഓഡിറ്റ് റിപ്പോർട്ട്

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടികളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-ാം വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 1998-99 | 37 | 2004-05 | 3-1 | തൊഴിൽ പരിശീലന കേന്ദ്രം ലക്ഷ്യം കൈവരിച്ചില്ല | അക്കൗണ്ട്സ് കമ്മിറ്റിയുടെ പരിഗണനയിലാണ് |
| 2007-08 | സ്പെഷ്യൽ റിപ്പോർട്ട് | 2011-12 | 4-6 | ആശ്രയാ പദ്ധതി ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നതിന് മുൻപ് തുകചെലവഴിച്ചു. | അക്കൗണ്ട്സ് കമ്മിറ്റിയുടെ പരിഗണനയിലാണ് |
| 2014-15 | വിഷയാധിഷ്ഠിത അവലോകനം റിപ്പോർട്ടുകൾ നിഷ്ക്രീയ ആസ്തികൾ | 2014-15 | 4.1.6 4.1.7 | | 1997-98 വർഷം എം പി ഫണ്ട് ഉപയോഗിച്ച് നിർമ്മിച്ച പിഎച്ച്സി കെട്ടിടം 2013-14 വർഷം 5,55,306/-രൂപ ചെലവഴിച്ച തുക പുനരുദ്ധാരണ പ്രവർത്തനങ്ങൾ നടത്തി. 2015-16 വാർഷിക പദ്ധതിയിൽ 3,00,000/-രൂപ വകയിരുത്തിയിരുന്നു. പുനരുദ്ധാരണ പ്രവൃത്തി സ്പിൽഓവർ പ്രോജക്ട് തുടരുന്നു. |
| 2014-15 | വിഷയാധിഷ്ഠിത അവലോകനം നദീതീര സംരക്ഷണവും | 2014-15 | 4.2.15 | ചാലായത്ത് കടവിൽ നദീതീരം കൈയ്യേറി | ചാലായത്ത് കടവിൽ കൃഷി നടത്തുന്ന ടി സ്ഥലം പഞ്ചായത്തിന്റെ |

| | | | | | |
|---|---|---|---|---|---|
| | മണൽ വാരൽ നിയന്ത്രണം | | | കൃഷി ചെയ്യുന്നു. | ഉടമസ്ഥതയിലുള്ളതാണോ എന്നറിയുന്നതിനായി വില്ലേജ് ഓഫീസർക്ക് കത്തു നൽകി തുടർനടപടി സ്വീകരിച്ചുവരുന്നു. |

4-9 ചാർജ്/ സർചാർജ് നടപടികളുടെ വിവരം

ഇല്ല

4-10 ഓഡിറ്റ് പ്രത്യവലോകണം

(എ).പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | നഷ്ടമായ തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ് ചെയ്യാവുന്നവ | സർചാർജ് ചെയ്യാവുന്നവ | |
| 3-1 | | 45,834.77/- | ശ്രീമതി. പി. ശീലാവതി അമ്മ, അക്രഡിറ്റഡ് എഞ്ചിനീയർ, എം. ജി. എൻ. ആർ. ഇ. ജി. എസ് |
| 3-2 | | 18,000/- | ശ്രീ. പ്രദീപ്. എം. പി, സെക്രട്ടറി-ഇൻ-ചാർജ് |

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-15 | 34,36,170/- | വൈ . നിസാർ (സെക്രട്ടറി) |
| 1-16 | 1,98,985/- | വൈ . നിസാർ (സെക്രട്ടറി) |
| 1-18 | 4,25,304/- | വൈ . നിസാർ (സെക്രട്ടറി) |
| 1-19 | 27,489/- | ശ്രീ. പ്രദീപ്. എം. പി (അസി. സെക്രട്ടറി) |
| 1-20 | 33,968/- | ശ്രീ. പ്രദീപ്. എം. പി (അസി. സെക്രട്ടറി) |
| 1-22 | 3,56,250/- | ഡോ. ജോൺ ലാലി (വെറ്റിനറി സർജൻ) |

(ബി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ , മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(സി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഡി) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| വൈ.നിസാർ (സെക്രട്ടറി) | സെക്രട്ടറി, പവിത്രേശ്വരം ഗ്രാമപഞ്ചായത്ത് | പീടികത്തറയിൽ, ആദിനാട് സൌത്ത്, കാട്ടിൽകടവിൽ പി. ഒ |
| ശ്രീ.പ്രദീപ്.എം.പി (അസ്സി. സെക്രട്ടറി) | പെർഫോമൻസ് ഓഡിറ്റ്, തൃക്കടവൂർ | കല്ലുപുറത്ത് വീട്, പുതുശ്ശേരികോണം, |

| | | |
|---|---|---|
| | | എഴുകോൺ |
| ഡോ. ജോൺ ലാലി (വെറ്റിനറി സർജൻ) | വെറ്റിനറി സർജൻ, പന്മന | മെയ് ഫ്ലവർ, കരുനാഗപ്പള്ളി കൊല്ലക പി. ഒ |
| ശ്രീമതി. പി.ശീലാവതി അമ്മ (അക്രഡിറ്റഡ് എഞ്ചിനീയർ, എം.ജി.എൻ.ആർ.ഇ.ജി.എസ്) | അക്രഡിറ്റഡ് എഞ്ചിനീയർ, എം.ജി.എൻ.ആർ.ഇ.ജി.എസ്, പവിത്രേശ്വരം ഗ്രാമപഞ്ചായത്ത് | അതുല്യ, മാറനാട് പി.ഒ. മാറനാട് |

4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ

| ഓഡിറ്റ് റിപ്പോർട്ട് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1997-98 | കെ.എസ്.എ.കെ.എൽ.എം. പി.11/400(2)/18, 23.02.18 | 29, 30, 31, 32, 34(1), 35, 39 |
| 1998-99 | കെ.എസ്.എ.കെ.എൽ.എം. പി.11/400(3)/18, 23.02.18 | 26(1), (2), 27 (1), (2), 36, 37, 40, 42-2, 37 (സമാഹൃത ഓഡിറ്റ് റിപ്പോർട്ട്) |
| 1999-2000 | കെ.എസ്.എ.കെ.എൽ.എം. പി.11/400(4)/18, 23.02.18 | 2, 2എ, 2-3ബി, 9, 25 |
| 2000-01 | കെ.എസ്.എ.കെ.എൽ.എം. പി.11/400(5)/18, 23.02.18 | 2, 10, 13, 16, 17, 20 |
| 2001-02 | കെ.എസ്.എ.കെ.എൽ.എം. പി.11/400(6)/18, 23.02.18 | 2-1, 2-2, 2-3, 3-2, 3-3, 3-5 (1), (4), 3-5 (5), 3-10, 3-11 |
| 2002-03 | കെ.എസ്.എ.കെ.എൽ.എം. പി.11/400(7)/18, 23.02.18 | 2-2, 2-7, 2-8 , 3-1, 3-3, 3-4, 3-5 , 3-6, 3-7, 3-8 |
| 2003-04 | കെ.എസ്.എ.കെ.എൽ.എം. പി.11/400(8)/18, 23.02.18 | 2-3, 3-2, 3-3, 3-4, 3-7 |
| 2004-05 | കെ.എസ്.എ.കെ.എൽ.എം. പി.11/400(9)/18, 23.02.18 | 3-1, 3-3, 3-4, 3-5, 3-6 |
| 2005-06 | കെ.എസ്.എ.കെ.എൽ.എം. പി.11/400(10)/18, 23.02.18 | 3-6(1), 3-6(2) |
| 2006-07 | കെ.എസ്.എ.കെ.എൽ.എം. പി.11/748(1)/19, 31.05.19 | 2-2, 3-1, 3-4, 3-5, 3-7, 3-9, 3-10, 3-11, 3-12, 3-13, 3-14, 3-16, 3-17, 3-18, 3-19 |
| 2007-08 | കെ.എസ്.എ.കെ.എൽ.എം. പി.11/748(2)/19, 31.05.19 | 2-1, 2-2, 3-1, 3-2, 3-3, 3-4 |
| 2008-09 | കെ.എസ്.എ.കെ.എൽ.എം. പി.11/748(3)/19, 31.05.19 | 2-2, 3-1, 3-2, 3-3, 3-6, 3-7, 3-8, 3-9, 3-10, 3-11, 3-12 |
| 2009-10 | കെ.എസ്.എ.കെ.എൽ.എം.പി.11/748(4)/19, 31.05.19 | 2-3, 2-4, 2-5, 3-1, 3-2, |

| | | |
|---|---|---|
| | | 3-4, 3-5, 3-6, 3-7 |
| 2010-11 | കെ.എസ്.എ.കെ.എൽ.എം.പി.11/748(4)/19, 31.05.19 | 2-3, 2-4, 2-5, 3-1, 3-2, 3-4,<br>3-5, 3-6, 3-7 |
| 2011-12 | കെ.എസ്.എ.കെ.എൽ.എം.<br>പി.3/254/16, 09.02.16 | എല്ലാ ഖണ്ഡികകളും |
| 2012-13<br>2013-14 | എൽ.എഫ്.ക്യൂ.പി.3- 727/15 തീ.25.06.15 | എല്ലാ ഖണ്ഡികകളും |
| 2014-15 | കെ.എസ്.എ.കെ.എൽ.എം.പി3-1161/ 16/തീയതി, 1.8.16 | എല്ലാ ഖണ്ഡികകളും |
| 2015-16 | കെ.എസ്.എ.കെ.എൽ.എം.പി3/227/17 തീയതി, 4.2.17 | എല്ലാ ഖണ്ഡികകളും |
| 2016-17 | കെ.എസ്.എ.കെ.എൽ.എം.പി11/1543/2017 തീയതി, 11.10.2017 | എല്ലാ ഖണ്ഡികകളും |
| 2017-18 | കെ.എസ്.എ.കെ.എൽ.എം.പി11/189/2019 തീയതി 27.4.19 | എല്ലാ ഖണ്ഡികകളും |
| 2018-19 | കെ.എസ്.എ.കെ.എൽ.എം.പി11/398/2020<br>തീയതി: 07.05.20 | എല്ലാ ഖണ്ഡികകളും |
| 2019-20 | കെ.എസ്.എ.കെ.എൽ.എം.പി11/1722/2021<br>തീയതി: 06.06.2022 | |

ഡെപ്യൂട്ടി ഡയറക്ടർ (ഹ.ഗ്രേ)
ജില്ലാ ഓഡിറ്റ് കാര്യാലയം, കൊല്ലം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-1
## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2020-2021 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ കൊല്ലം ജില്ലയിലെ പവിത്രേശ്വരം ഗ്രാമപഞ്ചായത്തിന്റെ 2020-2021-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)
ജില്ലാ ഓഡിറ്റ് കാര്യാലയം, കൊല്ലം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

കൊല്ലം ജില്ലയിലെ പവിത്രേശ്വരം ഗ്രാമപഞ്ചായത്തിന്റെ 2020-2021 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ(ഹ.ഗ്രേ)
ജില്ലാ ഓഡിറ്റ് കാര്യാലയം, കൊല്ലം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം

## അനുബന്ധ പത്രികകൾ

| | | |
|---|---|---|
| 1 | റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് | സംക്ഷിപ്തം (Audited Abstract) |
| 2 | ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് | |
| 3 | ബാലൻസ് ഷീറ്റ് | |

ഡെപ്യൂട്ടി ഡയറക്ടർ (ഹ.ഗ്രേ)
ജില്ലാ ഓഡിറ്റ് കാര്യാലയം, കൊല്ലം
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്